
# ദൈവീക പാശത്തെ മുറുകെ പിടിക്കുക




മുനീർ അഹമദ് അസീം
ഹസ്രത്ത് അമീരുൽ മുഅ്മിനീൻ, മുഹ്‌യിദ്ദീൻ
അൽഖലീഫത്തുല്ലാഹ്
ജമാ അത്തുസ്സഹീഹിൽ ഇസ്ലാം

**നിങ്ങളെല്ലാവരും ചേർന്ന് ദൈവീക പാശത്തെ മുറുകെ പിടികുക. നിങ്ങൾ ഭിന്നിച്ചു പോകരുത്.**

# HOLD FAST TO

# THE ROPE OF ALLAH

# ദൈവീക പാശത്തെ മുറുകെ പിടിക്കുക

ഹസ്രത്ത് അമീറുൽ മുഅ്മിനീൻ, മുഹ്‌യിദ്ദീൻ, അൽ ഖലീഫത്തുല്ലാഹ്, മുനീർ അഹ്മദ് അസീം.
**HAZRAT AMEERUL MUMINEEN, MUHYI-UD-DIN, AL-KHALEEFATHULLAH, MUNIR AHMAD AZIM**

**പരിഭാഷകൻ** ആർ.ജമാലുദ്ദീൻ റാവുത്തർ
അമീർ
ജമാ അത്തുസ്സഹീഹിൽ ഇസ്ലാം
കേരള

**Translated by:** R. Jamaluddin Raother
Amir, Jamaat Ul Sahih Al Islam Kerala
(Reg. No. A.693/2010)
Tel: 9447001832/ 0475 2252530
Email: jamal.raother@gmail.com

**പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

# പരിഭാഷകകുറിപ്പ്/ TRANSLATOR'S NOTE

15–ാം നൂറ്റാിലെ ദൈവദാസൻ ഖലീഫത്തുല്ലാഹ്, മുജദ്ദിദ്, മുഹ്‌യിദ്ദീൻ, അൽമ സീഹുൽ മൗഊദ്, അമീറുൽ മുഅ്മിനീൻ ഹസ്രത്ത് മുനീർ അഹമദ് അസീം (അയ്യദ ഹുല്ലാഹു തആല ബിനസ്‌രിഹിൽ അസീസ്) രചിച്ച **Hold Fast To The Rope Of Allah** അഥവ"ദൈവപാശത്തെ മുറുകെ പിടിക്കുക"എന്ന കൃതിയുടെ മലയാള പരിഭാഷയാണ് നിങ്ങളുടെ കൈകളിലിരിക്കുന്നത്.

മാനവരാശിയെ തങ്ങളുടെ സൃഷ്ടാവിലേക്ക് കൈപിടിച്ചുയർത്തുന്ന ഈ കൃതി നിശ്ചയമായും മാനവകുലത്തിന് ഒരു വലിയ മുതൽക്കൂട്ടാണ്

വിശുദ്ധ ഖുർ ആന്റെയും തിരുനബി(സ:അ) യുടെ പ്രവചന സാക്ഷ്യത്തിന്റേയും 14–ാം നൂറ്റാണ്ടിലെ മുജദ്ദിദ് ഹസ്രത്ത് മിർസാ ഗുലാം അഹമദ് (അ)ന്റെ ഗ്രന്ഥ സാക്ഷ്യത്തിന്റേയും അടിസ്ഥാനത്തിൽ 15–ാം നൂറ്റാണ്ടിലെ ദീനീ പരിഷ്കർത്താവായി അല്ലാഹു തന്നെ നിയോഗിച്ചിരിക്കുന്നു എന്നവകാശപ്പെടുന്ന 'വാദി'യുടെ ഈ പുസ്തകം സത്യാന്വേഷകർക്കൊരു മുതൽ കൂട്ടാണ്.

# PREFACE

# ആമുഖം

ഇത്തരത്തിലൊരു പുസ്തകം നിങ്ങളുടെ കൈകളിലെത്തിക്കുന്നതിൽ എനിക്കതിയായ സന്തോഷമുു്. ദൈവീകാനുഗ്രഹത്താൽ ഇത് ഇസ്ലാമിലെ യഥാർത്ഥ അധ്യാപനങ്ങളിലേക്കുള്ള ഒരു വഴികാട്ടിയാണ്. എല്ലാ പ്രവാചകന്മാരുടെ ആഗമനവും ഇതിനുവേി തന്നെയാണ്. ഇസ്ലാമിനെ പറ്റിയുള്ള അറിവ് മനുഷ്യനെ ചലനാത്മകമാക്കുന്നു. പ്രത്യേകിച്ച് ഒരു സത്യ വിശ്വാസി അവന്റെ ഭൂമിയിലെ ദൗത്യമെന്തെന്ന് ശരിക്കും മനസിലാക്കുന്നു.

നമ്മുടെ ഇസ്ലാമിനെ നന്നായി മനസിലാക്കുവാൻ അല്ലാഹു തആല നമ്മെ സഹായിക്കട്ടെ. അതുപോലെ "ജമാഅത്തു സ്സഹീഹിൽ ഇസ്ലാമിനെ"–അതിന്റെ പ്രതിജ്ഞയും സന്ദേശവും പൂർത്തിയാക്കുവാനും അല്ലാഹു സഹായിക്കട്ടെ. പ്രാർത്ഥന സ്വീകരിച്ചാലും നാഥാ!

**മുനീർ അഹമദ് അസീം**
ഹസ്രത്ത് അമീരുൽ മുഅ്മിനീൻ, മുഹ്‌യിദ്ദീൻ
അൽഖലീഫത്തുല്ലാഹ്
ജമാ അത്തുസ്സഹീഹിൽ ഇസ്ലാം
27ജമാദുൽ ആഖിർ 1430 ഹിജ്റ

بسم الله الرحمن الرحيم

# ജമാഅത്തു സ്സഹീഹിൽ ഇസ്ലാം : ലക്ഷ്യങ്ങൾ

## JAMAAT UL SAHIH AL ISLAM: OBJECTIVES

فَإِنْ ءَامَنُوا۟ بِمِثْلِ مَآ ءَامَنتُم بِهِۦ فَقَدِ ٱهْتَدَوا۟

*" നിങ്ങൾ വിശ്വസിച്ചതുപോലുള്ളതിൽ (ഈ അദ്ധ്യാപനത്തിൽ) അവർ വിശ്വസിക്കുന്നു എങ്കിൽ, അവർ നേർമാർഗ്ഗം പ്രാപിച്ചവരായി." (2:138)*

1. മുസ്ലീം ജീവിതവുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളേയും പരിശുദ്ധമാക്കുക.

ശിർക്കിന്റെ- (അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ) എല്ലാരൂപഭാവങ്ങളിൽനിന്നും വിശ്വാസത്തേ മുക്തമാക്കുക ഹിതകരമല്ലാത്ത കൂട്ടിച്ചേർക്കലുകൾ (ബിദ് അത്ത്) ക്കെതിരിൽ ജനങ്ങളെ ജാഗ്രതപ്പെടുത്തുക, മതചര്യകളിലും പ്രാർത്ഥനാ മുറകളിലും കടന്നു കയറിയിട്ടുള്ള തെറ്റായ പ്രവണതകളെ ഇല്ലായ്മ ചെയ്യുക, ഇസ്ലാമിന്റെ പരിശുദ്ധ പ്രകൃതിയെ വികലപ്പെടുത്തുന്നതും മുസ്ലീംങ്ങളുടെ പുരോഗതിയെ തടയുന്നതും ആയിട്ടുള്ള ആശയ വൈകല്യങ്ങൾ ഉന്മൂലനം ചെയ്യുക, പ്രവാചക വചനങ്ങളുടെ പ്രകാശത്തിൽ പരുധി ലംഘിക്കുന്നവരെ തിരിച്ചറിയാനും വ്യാജ വാദികളുടെ കള്ള വ്യാഖ്യാനത്തിൽ നിന്ന് മതാദ്ധ്യാപനങ്ങൾക്ക് മോചനം നൽകാനും ജനങ്ങളെ പ്രാപ്തരാക്കുക തുടങ്ങിയവ ഉൾപ്പെടുന്നു.

2. മുസ്ലീങ്ങളുടെ മത വിദ്യാഭ്യാസവും സംസ്കരണവും

മുസ്ലീങ്ങളെ യഥാർത്ഥ മതവിജ്ഞാനം പഠിപ്പിക്കുക, ഇസ്ലാം മതകൽപനകൾ അനുസരിച്ച് പ്രവർത്തിക്കാൻ പ്രേരിപ്പിക്കുക, അവരിൽ ധർമ്മ നിഷ്ഠയും സുശീലങ്ങളും വളർത്തുക, അതിലൂടെ ഖുർ-ആനിൽ നാശത്തിൽ നിന്ന് രക്ഷ നേടിയ വിഭാഗത്തിന്റെ വിവരണത്തിൽ പറയുന്നതുപോലെ അവരിൽ അല്ലാഹുവിന്റെ സംതൃപ്തിയും അനുഗ്രഹവും ഇറങ്ങി അവർ ഔന്നത്യം പ്രാപിക്കുന്ന അവസ്ഥ സംജാതമാക്കുക.

مَا كَانَ لِبَشَرٍ أَن يُؤْتِيَهُ ٱللَّهُ ٱلْكِتَٰبَ وَٱلْحُكْمَ وَٱلنُّبُوَّةَ ثُمَّ
يَقُولَ لِلنَّاسِ كُونُوا۟ عِبَادًا لِّى مِن دُونِ ٱللَّهِ وَلَٰكِن كُونُوا۟ رَبَّٰنِيِّۦنَ بِمَا
كُنتُمْ تُعَلِّمُونَ ٱلْكِتَٰبَ وَبِمَا كُنتُمْ تَدْرُسُونَ ﴿٧٩﴾

*"അല്ലാഹു ഒരുമനുഷ്യന് ഗ്രന്ഥവും വിധികർതൃത്വവും പ്രവാചകത്വവും നൽകിയിട്ട്- അയാൾ ജനങ്ങളോട് നിങ്ങൾ അല്ലാഹുവിനെ ഉപേക്ഷിച്ച് എന്റെ അടിമകളായി തീരുവിൻ എന്നുപറയുക എന്നത് അയാൾക്ക് ചേർന്നതല്ല. പ്രത്യുത നിങ്ങൾ വേദഗ്രന്ഥത്തെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരായതുകൊ് നിങ്ങൾ ദൈവഭക്തരായിരിക്കുവിൻ(എന്നാണ് അയാൾ പറയുക)."* (3:80)

3. യഥാർത്ഥ ഇസ്ലാമിക ചിന്താസരണിയെ പുനഃരുജ്ജീവിപ്പിക്കുക.

വിശുദ്ധ ഖുർ- ആന്റയും തിരു സുന്നത്തിന്റെയും സമുദായത്തിലെ സലഫു സാലിഹീങ്ങളുടെ പാതയുടേയും പ്രകാശത്തിന്റെ വെളിച്ചത്തിൽ ഇസ്ലാമിക ചിന്തയെ പ്രോജ്വലമാക്കുക, " മദ്ഹബുകളെ " അന്ധമായി പിൻതുടരുന്നതുമൂലം വന്നിട്ടുള്ള ശിഥിലത നീക്കം ചെയ്യുക, അനാവശ്യമായ കക്ഷിഭേദങ്ങൾ സാഹോദര്യ ബന്ധത്തേയും മാനസിക ഐക്യത്തേയും തകർക്കുന്ന അവസ്ഥയ്ക്ക് വിരാമമിടുക തുടങ്ങിയവ.

പ്രതാപവാനും മഹത്വമുടയവനുമായ അല്ലാഹു പറയുന്നു.

وَٱعْتَصِمُوا۟ بِحَبْلِ ٱللَّهِ جَمِيعًا وَلَا تَفَرَّقُوا۟

*"നിങ്ങൾ എല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെപിടിക്കുക"* (3:104)
*"അല്ലാഹുവിനെ ആരാധിക്കുന്നവർ സഹോദരങ്ങളായി വർത്തിക്കുക"* യെന്നു നബി വചനം

4. സമകാലീന പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ ഇസ്ലാമിക പരിഹാരം നിർദ്ദേശിക്കുക.

പ്രവാചക പ്രഭുവായ മുഹമ്മദ് നബി (സ.അ) മുന്നോട്ടുവച്ച ഇസ്ലാമിക ജീവിത ശൈലിയെ പുനരുജ്ജീവിപ്പിക്കുക, വെളിപാട് ദർശനങ്ങളാൽ നയിക്കപ്പെടുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക, അല്ലാഹുവിന്റെ അനുശാസനകൾ ഭൂമിയിൽ നടപ്പിലാക്കുവാൻ പരിശ്രമിക്കുക, തെറ്റുതിരുത്തൽ പ്രക്രിയ, വിജ്ഞാനസമ്പാദനം, ശീക്ഷണസമ്പ്രദായം എന്നിവ ഉപയോഗപ്പെടുത്തുക.

പരമോന്നതനായ അല്ലാഹു പറയുന്നു.

وَيُعَلِّمُهُمُ ٱلْكِتَٰبَ وَٱلْحِكْمَةَ وَيُزَكِّيهِمْ ۚ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ﴿١٢٩﴾

*"ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുക"* (2:129)

5. ഇസ്‌ലാമിന്റെ രാജപാതയിലേക്ക് ജനങ്ങളെ ക്ഷണിക്കുക.

അവന്റെ സൃഷ്ടികൾക്കായി അല്ലാഹു (സ) അവതരിപ്പിച്ച ഏറ്റവും പരിപൂർണ്ണമായ സന്ദേശമാകുന്നു ഇസ്ലാം. ഇസ്‌ലാമിന്റെ മാർഗ്ഗദീപത്തെപ്പറ്റി യഥാർത്ഥ ജ്ഞാനം ലഭിക്കാത്ത വ്യക്തികളെ സ്നേഹപുരസ്സരം ക്ഷണിക്കുക, ശാശ്വതമായ പാരത്രികസുഖവും, ജീവിത സംതൃപ്തിയും സമാധാനവും അവർ നേടുന്നതിനുവേ

ഇതാണ് എന്റെ ജോലിയും പ്രവർത്തിയും ഈ ഭാരിച്ച ഉത്തരവാദിത്തം നിറവേറ്റുന്ന കാര്യത്തിൽ ഞങ്ങളെ (ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം) സഹായിക്കാൻ എല്ലാ മുസ്‌ലിങ്ങളെയും ക്ഷണിച്ചുകൊള്ളുന്നു. ഈ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിലൂടെ ജനങ്ങളെ ഉണർത്താനും ഉയർത്താനും ഇസ്‌ലാമിന്റെ ശാശ്വതസന്ദേശം ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതിനും നമുക്കുസാധിക്കും. ആത്മാർത്ഥ സാഹോദര്യത്തിലും സ്നേഹത്തിലും അല്ലാഹുവിന്റെ സഹായം ഉാകുമെന്ന പൂർണ്ണവിശ്വാസത്തിലും അവന്റെ പരിശുദ്ധ ദാസർക്ക് ദൗത്യം പൂർത്തിയാക്കാൻ വേ സാഹചര്യങ്ങൾ അവൻ സൃഷ്ടിക്കുമെന്നും കരുതി നമുക്കുമുന്നോട്ടു പോകാം,

وَلِلَّهِ ٱلْعِزَّةُ وَلِرَسُولِهِۦ وَلِلْمُؤْمِنِينَ

*"എന്നാൽ (സാക്ഷാൽ) ബഹുമതി അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കുമുള്ളതത്രെ"* (63:9)

هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ

**"അവന്റെ ദൂതനെ നേർമാർഗ്ഗത്തോടും സത്യമതത്തോടും കൂടി അയച്ചവനത്രെ അവൻ"** (61: 10)

## INTRODUCTION
## അവതാരിക

സർവ്വലോക രക്ഷിതാവായ അല്ലാഹുവിന് സർവ്വ സ്തുതിയും സമർപ്പിക്കുന്നു. നല്ലവർക്ക വസാനം
ഏറ്റവും നല്ലത് ലഭിക്കുന്നതാണ്. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനാണ്. പങ്കുകാരില്ല ഭൂമിയുടേയും ആകാശങ്ങളുടേയും നാഥനാണ്. മുഹമ്മദ് നബി(സ.അ.) അവന്റെ ദാസനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.തെരഞ്ഞെടുക്കപ്പെട്ട വിശ്വസ്തനായ സന്ദേശവാഹകൻ. അദ്ദേഹത്തിന്റെ മേൽ സമാധാനം ഉാകട്ടെ. അദ്ദേഹത്തിന്റെ കുടുംബത്തിന്റേയും, അനുചരന്മാരുടെ മേലും സമാധാനമുാകട്ടെ.

മഹത്വമുടയവനായ അല്ലാഹുവിന്റെ സഹായത്താൽ “ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നുള്ളതിനുള്ള”മതിയായ തെളിവുകൾ ഞാൻ നൽക്കുന്നതാണ്. അത് വിശദീകരിക്കുവാൻ അവൻ എനിക്കു നൽകിയ അനുഗ്രഹത്തെ ഞാൻ നിങ്ങൾക്ക് സംഗ്രഹിച്ചു നൽകുന്നതാണ്.

ഏകനായ അല്ലാഹുവിൽ നിന്ന് ലഭ്യമായ പ്രകാശത്താൽ, സൻമാർഗ്ഗത്തിലേക്കും സത്യത്തിലേക്കും ക്ഷണിക്കുന്ന നമ്മുടെ സഹോദരീ സഹോദരന്മാരെ അല്ലാഹു(ത) അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ! ആമീൻ.

നേർവഴിയും നന്മയും അന്വേഷിക്കുന്ന ഇസ്ലാമിലെ യുവാക്കൾ വളരെ താൽപ്പര്യപൂർവ്വമാണ് ഇസ്ലാമിലെ പണ്ഡിതന്മാരുടെ പുസ്തകങ്ങൾ അന്വേഷിക്കുന്നത്. പരിഷ്കരണവും പുരോഗതിയും കാംക്ഷിക്കുന്നവരാണവർ. അവർ കണ്ടെത്തുന്ന ‘ ഫിഖ്ഹി‘ന്റേയും ‘സുന്നത്തിന്റേയും അടിസ്ഥാനത്തിൽ തങ്ങളുടെ സന്തതികളെ വളർത്തികൊ് വരുവാൻ അവർ ശ്രമിക്കുന്നു. എന്നാൽ സമകാലീന ചിന്തകൾ പ്രതിഫലിപ്പിക്കുന്ന ചില ഗ്രന്ഥങ്ങളുടെ മിന്നലാട്ടത്തിൽ, യുവാക്കളെ തിരിച്ച് വിടാതെ ശ്രദ്ധിക്കേത് വളരെ അത്യാവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം പൊയ് കൊിരിക്കുന്നത്. കാരണം ആ ഗ്രന്ഥങ്ങളിൽ മിക്കതും ഇസ്ലാമിലെ സത്തയിൽ നിന്നും, ശാഖയിൽ നിന്നും അകന്നതും, ഇസ്ലാമിലെ യഥാർത്ഥ അധ്യാപനത്തിൽ നിന്നും അകന്നതും വഴി തെറ്റിക്കുന്നതുമാകുന്നു.

'ലാഇലാഹ ഇല്ലല്ലാഹ് ' എന്നതിന് 'മുഹ്‌യിദ്ദീൻ'(ദീനിനെ ജീവിപ്പിക്കുന്നവൻ) എന്ന നിലയിലും 'ഖലീഫത്തുല്ലാഹ് '(അല്ലാഹുവിന്റെ ഖലീഫ)' എന്ന നിലയിലും ഏറ്റവും നല്ല തെളിവുകളാണ് നിരത്തിയിട്ടുള്ളത്. 'ലാഇലാഹ ഇല്ലല്ലാഹ് ' യുടെ യഥാർത്ഥ അർത്ഥം ജനങ്ങളിൽ എത്തിക്കാനും അതിൻ പ്രകാരം എങ്ങനെ പ്രവർത്തിക്കണമെന്നുമുള്ള സന്ദേശം നിങ്ങളിൽ എത്തിക്കുകയുമാണ് എന്റെ ജോലി.

ആരെങ്കിലും ഇസ്ലാമിനെകുറിച്ച് വാദിക്കുകയും അത് വിശുദ്ധ ഖുർ ആന്റെ അധ്യാപനങ്ങളനുസ രിച്ചല്ലാതിരിക്കുകയും ചെയ്താൽ, അവന്റെ ചിന്ത സത്യത്തിൽ നിന്ന് വളരെ വിദൂരമായിരിക്കുന്നതും, അവനത് ദൂരേക്കെയ്യുന്ന വിഷാമ്പുപോലെ വിശുദ്ധ ഖുർ ആന്റെ അധ്യാപനത്തിൽ നിന്ന് വിദൂരമായിരിക്കുന്നതും, ഈ ഉമ്മത്തിനെ പൊതുവിലും യുവാക്കളെ പ്രത്യേകിച്ചും സത്യപാതയിൽ നിന്ന് വഴിതെറ്റിക്കുന്നതും 'ദീനി' ലില്ലാത്ത കാര്യത്തെ (ബിദ് അത്തിനെ) ദത്തെടുക്കുകയുമായിരി ക്കും ഫലം.

ദൈവീകധ്യാപനം നല്കുന്നവൻ, വാക്കു കൊണ്ടും, പ്രവർത്തികൊണ്ടും, ബുദ്ധികൊണ്ടും അവന്റെ ആത്മാവിനെ ഭരിക്കുന്നു. എന്നാൽ വാക്കിലും പ്രവർത്തിയിലും നൂതനാശയത്തെ (ബിദ് അത്തിനെ) പിൻതുടരുന്നവൻ ചിത്തഭ്രമത്തിന്റെ പാതയിലാണ് തങ്ങളെ നയിക്കുന്നത്.

"അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുന്നതിനുള്ള" നിബന്ധനകൾ എന്ന നിലയിൽ ഏഴ് കാര്യങ്ങൾ നിങ്ങളുടെ മുൻപാകെ സമർപ്പിക്കുന്നു. ഇതു നിങ്ങൾ നല്ലതുപോലെ വായിച്ച് ഗ്രഹിക്കുകയും അല്ലാഹുവിന്റെ പാശത്തെ ബലമായ് പിടിക്കുകയും ചെയ്യുമെന്നുള്ള പ്രത്യാശയിൽ ഈ അവതാരികയ്ക്ക് വിരാമമിടുന്നു.

**മുനീർ അഹമദ് അസീം.**
**ഖലീഫത്തുല്ലാഹ്, മുജദിദ്, മുഹ്‌യിദീൻ, മസീഹ് മൗഊദ്**

## AL-ILM: അറിവ്

അറിവ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നിഷേധപ്രസ്താവവും ദൃഢ പ്രത്ജ്ഞയുമാണ്. അറിവിന്റെ സത്ത എന്നത് ദൈവീക വചനമാണ്. മുഹമ്മദ് നബി (സ.അ) യും സത്യത്തിന് സാക്ഷ്യം വഹിച്ചവരും അറിയുന്നു. അതായത് "ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല–എന്ന്. അതായത് " ലാ ഇലാഹ ഇല്ലല്ലാഹ് " എന്നത് സത്യമാണെന്ന്.

സഹീഹ് മുസ്ലീമിൽ ഉസ്മ്ൻ (റ) വിവരിച്ച ഒരു പ്രവാചക വചനത്തിൽ അദ്ദേഹം പറഞ്ഞു. "ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് അറിഞ്ഞുകൊണ്ട് മരണപ്പെടുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു ".

എന്റെ അഭിപ്രായമനുസരിച്ച്, അറിവ്കൊണ്ട് അർത്ഥമാക്കുന്നത് നിഷേധപ്രസ്താവവും തുടർന്നുള്ള ദൃഢ പ്രത്ജ്ഞയുമാണ്. ഇത് ഞാൻ ആരംഭത്തിൽ പറഞ്ഞു കഴിഞ്ഞതാണ്.

ആദ്യ പകുതിയിൽ പരമോന്നതനായ അല്ലാഹുവിനെ അല്ലാതെ മറ്റൊന്നിനേയും ആരാധിക്കുകയില്ല എന്ന നിഷേധപ്രസ്താവമാണ്. അതായത് " ലാ ഇലാഹ" രണ്ടാം പകുതിയിൽ ഉറപ്പിച്ചു പറയുന്നു "അല്ലാഹു മാത്രമേ ഉള്ളൂ എന്ന് " .സ്തുതിയും മഹത്വവും അവനുമാത്രം അവകാശപ്പെട്ടതാണ്. അല്ലാഹ് എന്ന നിലയിൽ സത്യവാനാണ്, ശ്രേഷ്ടനാണ്, രാജകീയ പ്രൗഢിയുള്ളവനുമാണ്. അവന്റെ സാമ്രാജ്യത്തിലും, സൃഷ്ടിപ്പിലും, പദ്ധതിയിലും ഒരു പങ്കുകാരനുമില്ല. നമ്മോട് അവനെ ആരാധിക്കാൻ പറയുമ്പോഴും അവന് ഒരു പങ്കുകാരനുമില്ല. അതുകൊണ്ടാണ് അവൻ (അല്ലാഹു) പ്രവാചകന്മാരെ, സന്ദേശ വാഹകരെ, പരിഷ്കർത്താക്കളെ, ഖലീഫത്തുല്ലാമാരെ അയയ്ക്കുകയും അവരെല്ലാം അവനെമാത്രം ആരാധിക്കുക എന്നകാര്യത്തിൽ യോജിക്കുന്നതും. രാജാധിരാജനായ അല്ലാഹു പറയുന്നു. **"ഞാനല്ലാതെ ഒരു ആരാധ്യനുമില്ല; അതിനാൽ എന്നെ ആരാധിക്കുവിൻ " എന്ന് ദിവ്യബോധനം നൽകിക്കൊണ്ടല്ലാതെ ഒരു ദൂതനേയും നിനക്കുമുൻപ് നാം അയയ്ച്ചട്ടില്ല (21:25)**

**നൂഹ് (അ)ഉം ഹൂദ് (അ)ഉം സാലിഹ്(അ)ഉം അവർ ഓരോരുത്തരും പറഞ്ഞു** "എന്റെ ജനമേ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് മറ്റൊരു ആരാധ്യനുമില്ല. തീർച്ചയായും **ഭയങ്കരമായ ഒരു നാളിന്റെ ശിക്ഷ നിങ്ങൾക്ക് വന്നെത്തുന്നത് ഞാൻ ഭയപ്പെടുന്നു**".**(7:60)**

സാലിഹ്(അ) പറഞ്ഞു. "എന്റെ ജനമേ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് മറ്റൊരു ആരാധ്യനുമില്ല".(7:74)

ഹൂദ്(അ) പറഞ്ഞു. . "എന്റെ ജനമേ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് ഒരു ആരാധ്യനുമില്ല. നിങ്ങൾ കള്ളം കെട്ടിച്ചമയ്ക്കുന്നവർതന്നെയാണ്. എന്റെ ജനമേ അതിനായി ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. എനിക്ക് പ്രതിഫലം നൽകാനുള്ള ബാധ്യത എന്നെ സൃഷ്ടിച്ചവന്റെ മേൽ മാത്രമാണ്. അപ്പോൾ നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ ? (വിശുദ്ധ ഖുർ ആൻ 11:51, 52)

മഹത്വമുടയവനായ അല്ലാഹു നമ്മോടു പറയുന്നു. എല്ലാ ദൈവീക പ്രവാചകന്മാരും സന്ദേശ വാഹകരും നടത്തിയ ക്ഷണം ഒന്നുതന്നെയായിരുന്നു. "എല്ലാ സമുദായത്തിലും നാം ഓരോ ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. **നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. ദുശക്തികളെ വർജ്ജിക്കുക.(എന്നായിരുന്നു അവരുടെ പ്രബോധനം)** 16:37.

പരമോന്നതനായ അല്ലാഹു അവന്റെ പ്രവാചകനായ മുഹമ്മദ് (സ.അ) നോട് തന്റെ സമുദായത്തിനോട് പറയാൻ കൽപ്പിച്ചു. "തന്നെയല്ലാതെ മറ്റാരേയും നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ നാഥൻ ശക്തമായ ആജ്ഞ നൽകിയിരിക്കുന്നു".(വിശുദ്ധ ഖുർ ആൻ 17:24 ) മറ്റൊരു വചനത്തിൽ പറയുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു; അവന് തുല്യരെ സ്ഥാപിക്കാതിരിക്കാനും.

മുകളിൽ സൂചിപ്പിച്ച ഖുർ ആന്നിക വചനങ്ങളിലൂടെയും ഇതേ അർത്ഥം വരുന്ന മറ്റിതര വചനങ്ങളിലൂടെയും വ്യതവും അസന്ദിഗ്ദധവുമായി നമുക്ക് ലഭിക്കുന്ന പാഠം എല്ലാ പ്രവാചകന്മാരേയും സന്ദേശവാഹകരേയും അവരുടെ സമുദായത്തിലേയ്ക്ക് അല്ലാഹു നിയോഗിച്ചത് "ലാ ഇലാഹ ഇല്ലല്ലാഹ് ".ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല എന്ന സന്ദേശവുമായാണ് .

അറിയാൻ ആവശ്യപ്പെടുന്നതിന്റെ അർത്ഥം അറിയലാണ് അറിവ്, അതിന് ഹൃദയം സാക്ഷ്യം നിൽക്കണം. അറിവിന്റെ പൂർണ്ണത അറിവനുസരിച്ച് പ്രവർത്തിക്കലാണ്. അല്ലാഹു കൽപ്പിച്ച അറിവ് അതായത അല്ലാഹു ഏകനാണ് എന്ന അറിവ് ഓരോ മനുഷ്യന്റേയും മേൽ വ്യക്തിപരമായ കടമയാണ് ആരേയും അതിൽനിന്ന് ഒവുവാക്കിയിട്ടില്ല.

## ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല എന്ന സത്യം ഗ്രഹിക്കുവാനുള്ള വഴികൾ

(1) ഏറ്റവും പ്രധാനപ്പെട്ടത് അവന്റെ നാമങ്ങളെ പറ്റിയും, അവന്റെ ഗുണഗണങ്ങളെ പറ്റിയും അവന്റെ പ്രവർത്തനങ്ങളെ പറ്റിയും ചിന്തിക്കലാണ്. അതിലൂടെ അവന്റെ പൂർണ്ണത, മഹനീയത, ബഹുമതി ഇവ ദർശിക്കാൻ കഴിയും. ഈ ഗുണഗണങ്ങൾ ഒരുവനെ അവനുമായി കടപ്പെട്ടവനാക്കുകയും അവനായി സർവ്വവും സമർപ്പിക്കാനും, അവനെ ആരാധിക്കുവാനും അവനെ പ്രാപ്തനാക്കുകയും ചെയ്യുന്നു. എല്ലാ പ്രകീർത്തനങ്ങളും, സ്തുതികളും, മഹത്വങ്ങളും, ഔദാര്യവും അവനു മാത്രം അർഹതപ്പെട്ടതാണെന്നും അവൻ അറിയും.

(2) പരമമഹത്വമുടയവനായ അവൻ മാത്രമാണ് അറിവ്. അവനാണ് അറിവ് സൃഷ്ടിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുന്നത്. അതേ തുടർന്ന് ലഭ്യമാകുന്ന അറിവ് "ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല.".എന്നതാണ്

(3) മറഞ്ഞതും തെളിഞ്ഞതുമായ, ലൗകികവും മതപരവുമായ എല്ലാ സമ്മാനങ്ങളും നൽകുന്നത് അവൻ മാത്രമാണ എന്ന അറിവ്. ഈ അറിവ് ഹൃദയത്തിൽ അവനുമായി ഒരു പ്രത്യേക ബന്ധം തീർക്കുന്നു; ഒരു സ്നേഹം, ഒരു സമർപ്പണം, ഒരു പങ്കുകാരുമില്ലാത്ത അവനു മാത്രമുള്ള വിധേയത്വം

(4) അല്ലാഹു (ത)ആലായുടെ ഏകതയെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നവർക്ക് അവൻ നൽകുന്ന സംരക്ഷണത്തെ കുറിച്ചും നമ്മൾ കാണുകയും കേൾക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത് അവർക്ക് ധാരാളമായി ജീവിത വിജയങ്ങളും ഔധാര്യങ്ങളും ഇഹലോകത്ത് തന്നെ നൽകപ്പെടുന്നതായാണ്. അതേ സമയം അവന് പങ്കാളികളെ വയ്ക്കുന്നവർക്ക് അവരെ അല്ലാഹു അവന്റെ ശത്രുക്കളായി കാണുകയും അവർക്ക് തക്കതായ ശിക്ഷ നൽകുകയും ചെയ്യുന്നതായുമാണ്. ഈ തിരിച്ചറിവ് നമ്മെ നയിക്കുന്നത് സ്തുത്യർഹനായ അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ എന്ന പരമ സത്യത്തിലേക്കാണ്.
(5) അല്ലാഹുവിന് സമന്മാരായി നാം ആരോപിച്ചു വച്ചിരിക്കുന്ന ദൈവങ്ങൾക്ക് അല്ലെങ്കിൽ വിഗ്രഹങ്ങൾക്ക് ഉണ്ട് എന്ന് നാം കരുതുന്ന ഗുണവിശേഷങ്ങളെ കുറിച്ചുള്ള തിരിച്ചറിവാണ്. അവരെല്ലാം എല്ലാ അർത്ഥത്തിലും അപര്യാപ്തതയുള്ളവരാണെന്നും അവരും അവരെ വിളിച്ചാരാധിക്കുന്നവരും നിസ്സഹായരാണെന്നും, ജീവിപ്പിക്കുന്നതിനോ മരിപ്പിക്കുന്നതിനോ ഉയർത്തെഴുന്നേൽപ്പിക്കുന്നതിനോ അവർക്ക് യാതൊരു കഴിവുമില്ലായെന്നും തിരിച്ചറിയുക. അവരെ വിളിച്ചപേക്ഷിക്കുന്നവരെ,ഒരു പരമാണുവിന്റെ യത്രപോലും അവരെ സഹായിക്കുന്നതിനോ, ദുഷ്ടശക്തികളുടെ ആകർഷണവലയത്തിൽ നിന്നും അവരെ സംരംക്ഷിക്കുന്നതിനോ ഉള്ള ഒരുതര കഴിവുമില്ലാത്തവരാണവർ. അങ്ങനെ വരുമ്പോൾ ഈ തിരിച്ചറിവ് നമ്മെ നയിക്കുന്നത് അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനും ഇല്ല എന്നും ബാക്കിയുള്ളവയെല്ലാം കപട ദൈവങ്ങളാണെന്നും ഉള്ള തിരിച്ചറിയലിലേക്കാണ്
(6) നാം മനസ്സിലാക്കേണ്ട വസ്തുത അല്ലാഹുവിന്റെ പരിശുദ്ധഗ്രന്ഥം ഇക്കാര്യം ശരിവയ്ക്കുന്നു എന്നും  ഈ പറഞ്ഞ വസ്തുതകൾ എല്ലാം തന്നെ പരസ്പരബന്ധമുള്ളതാണ് എന്നുമാണ്.
(7) മാനവ സമൂഹത്തിൽ പ്രവാചകന്മാരായി, ദൂതന്മാരായി, തെരഞ്ഞെടുക്കപ്പെട്ടവർ എല്ലാം തന്നെ പെരുമാറ്റത്തിലും, ചിന്തകളിലും, തീർപ്പുകൽപ്പിക്കുന്ന കാര്യത്തിലും അറിന്റെയും വിവേകത്തിന്റേയും അടിസ്ഥാനത്തിലും പരിപൂർണ്ണരായിരിക്കും.
(8) മനുഷ്യകുലത്തിൽ പ്രത്യേകിച്ചും, പ്രപഞ്ചത്തിലൊട്ടാകെയും അല്ലാഹുവിന്റെ ഏകത്വത്തെ പരിപോഷിപ്പിക്കുന്ന അടയാളങ്ങളെ (തെളുവുകളെ) തിരിച്ചറിയുക എന്നതാണ് എട്ടാമത്തെ വഴി. ഇത് വളരെ ലളിതമായി മനസ്സിലാക്കാവുന്നതേയുള്ളൂ. ഈ പ്രപഞ്ചത്തെയൊട്ടാകെയും  മനുഷ്യജാതിയെ പ്രത്യേകിച്ചും സൃഷ്ടിക്കുകയും സൃഷ്ടിപ്പിന്റെ പരിപൂർണ്ണ സൗന്ദര്യത്തോടെ അവ ഇവിടെ വിരാജിക്കുകയും ചെയ്യുന്നത്. അല്ലാഹുവിന്റെ അത്ഭുതപ്പെടുത്തുന്ന സൃഷ്ടികർമ്മശേഷിയെയും, മാതൃകകളില്ലാതെ വൈവിധ്യമാർന്ന സൃഷ്ടിജാലങ്ങളെ വാർത്തെടുക്കുവാനുള്ള അവന്റെ അപാരമായ കഴിവുകളെയുമാണ് നമുക്ക് കാട്ടിത്തരുന്നത്.

ഇങ്ങനെയുള്ള വൈവിധ്യമാർന്ന ആവിഷ്കരണങ്ങൾ നമ്മൾ മനുഷ്യർക്കു മുന്നിൽ അവതരിപ്പിച്ചിരിക്കുന്നത്.ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല എന്ന സത്യം മനസ്സിലാക്കുന്നതിനും ഈ പരമസത്യം ഖുർ ആനിലൂടെ വെളിപ്പെടുത്തിയിട്ടുണ്ടെന്നും ആവർത്തിച്ചിട്ടുണ്ടെന്നും മനസ്സിലാക്കുവാനാണ്. വിളിച്ചപേക്ഷിക്കുന്ന (ധ്യാനനിരപേക്ഷനായിരിക്കുന്ന) ഏതൊരു ദാസനും ഈ പരമ സത്യം തിരിച്ചറിയുകതന്നെ ചെയ്യും.

അല്ലാഹുവിന്റെ ഏകത്വത്തെ പ്രഘോഷിക്കുന്ന മുൻ പറഞ്ഞ, പരസ്പരം അംഗീകരിക്കുന്ന ഈ അടയാളങ്ങൾ ഒരു വിശ്വാസിയുടെ വിശ്വാസത്തെ (ഈമാനെ) ബലപ്പെടുത്തുകയും, അതവന്റെ ഹൃദയത്തിൽ പർവ്വതങ്ങളെ ഭൂമിയിൽ ഉറപ്പിച്ചു നിർത്തിയിരിക്കുന്നപോലെ ഉറപ്പിച്ചു നിർത്തുകയും ചെയ്യുന്നു.

ഇങ്ങനെ രൂപം കൊള്ളുന്ന വിശ്വാസം (ഈമാനെ) സംശയങ്ങൾക്കോ, മനസ്സിന്റെ ചാഞ്ചാട്ടങ്ങൾക്കോ കീഴ്പെടുകയോ അസത്യവും സംശയങ്ങളും ആവർത്തിച്ചുണ്ടായാൽപോലും ചഞ്ചലമാവുകയോ ചെയ്യാതെ പരിപൂർണ്ണമായ അവസ്ഥ പ്രാപിക്കുക തന്നെ ചെയ്യും.

# രാമത്തെ വ്യവസ്ഥ

**AL-YAQEEN: നിശ്ചിതത്വം അഥവാ ചോദ്യം ചെയ്യപ്പെടാത്ത വസ്തുത**

നിശ്ചിതത്വം എന്നാൽ പരിപൂർണ്ണജ്ഞാനമാണ്. അതിനെ നിഷ്ഫലമാക്കുന്നത് ആശങ്കയും ചാഞ്ചല്യവുമാണ്. നിശ്ചിതത്വത്തെകുറിച്ച് പരമോന്നതനായ അല്ലാഹു പറയുന്നു."അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും തങ്ങളുടെ ധനം കൊണ്ടും ജീവൻകൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിനാധ്വാനം ചെയ്യുകയും ചെയ്യുന്നവർ മാത്രമാണ് യഥാർത്ഥ വിശ്വാസികൾ അവർ തന്നെയാണ് സത്യസന്ധന്മാർ ". 49 :16

അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള വിശ്വാസത്തിൽ സംശയമോ ആശങ്കയോ ഇല്ലാത്ത യഥാർത്ഥ വിശ്വാസത്തിന്റെ അവസ്ഥ അല്ലാഹു അവർക്ക് പ്രദാനം ചെയ്യുന്നതാണ് അറിയണം. സംശയാലൂ കപട വിശ്വാസികളുടെ പട്ടികയിലായിരിക്കും. പരമോന്നതനായ അല്ലാഹു മുകളിൽ പറഞ്ഞ അതേ വാചകത്തിലേക്ക് തന്നെ ഞാൻ വരുകയാണ്. "അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും തങ്ങളുടെ ധനം കൊണ്ടും ജീവൻകൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിനാധ്വാനം ചെയ്യുകയും ചെയ്യുന്നവർ മാത്രമാണ് യഥാർത്ഥ വിശ്വാസികൾ അവർ തന്നെയാണ് സത്യസന്ധന്മാർ ". 49 :16 ."മാത്രമാണ് "എന്ന വാക്ക് ആ പറയപ്പെട്ടവരെ മാത്രമാണ് അതിൽ (വിശ്വാസികളിൽ ) ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റുള്ളവരെയെല്ലാം അതിൽ നിന്ന് പുറത്താക്കിയിരിക്കുകയാണ്. ഇത് അർത്ഥമാക്കുന്നത് യഥാർത്ഥ വിശ്വാസമുള്ളവർ (ഈമാൻ) രണ്ടു നിലയിലും പ്രത്യക്ഷമായും പരോക്ഷമായും അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നവരാണ്. അവർ യാതൊരു വിധ ആശങ്കയും സംശയവും ഇല്ലാതെ വിശ്വസിക്കുന്നവരാണ്. അത് അവരുടെ വാക്കിലൂടെയും പ്രവർത്തിയിലൂടെയും തെളിയിക്കുന്നവരാണ്. അവരുടെ ജീവനും സമ്പത്തും ദൈവ വഴിയിൽ ത്യാഗം ചെയ്യുകയും കഠിനാധ്വാനം ചെയ്യുകയും ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു "അവർ തന്നെയാണ് സത്യസന്ധന്മാർ ". പ്രസ്തുത വചനത്തിലെ "സംശയിക്കാതിരിക്കുകയും " എന്നതിൽ നിന്നും (ഈ നിഷ്കളങ്ക വിശ്വാസത്തിൽ നിന്ന് മാത്രമേ ഈ പ്രവർത്തനങ്ങൾ സംജാതമാവുകയുള്ളു. അതായത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചിലവാക്കലും കഠിനാധ്വാനവും. ഇവ രണ്ടും വിശ്വാസത്തിന്റെ ഉത്പന്നങ്ങളാണ്. അതാണ് ഈ വചനം സംശയമന്യേ തെളിയിക്കുന്നത്.

# മൂന്നാമത്തെ വ്യവസ്ഥ

**SINCERITY: അൽ–ഇഖ്ലാസ് ആത്മാർത്ഥത**

'ശിർക്കി'നെ തച്ചുടയ്ക്കുന്ന ആത്മാർത്ഥത ആത്മാർത്ഥ വിശ്വാസത്തിന്റെ തെളിവുകൾ.

പരമോന്നതനായ അല്ലാഹു പറയുന്നു. "അറിയുക ആത്മാർത്ഥമായ അനുസരണം അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ് ". 39:4 അവന്റെ കാരുണ്യത്തിന്റേയും മഹത്വത്തിന്റേയും വചനം "അനുസരണത്തിൽ അല്ലാഹുവിനോട് ആത്മാർത്ഥത പുലർത്തുന്നവരും ഏകാഗ്രമാനസരുമായി അല്ലാഹുവിനെ ആരാധിക്കാനും നമസ്കാരം നിലനിർത്താനും സക്കാത്തു കൊടുക്കാനും വേണ്ടിയല്ലാതെ അവരോട് ആജ്ഞാപിക്കപ്പെട്ടിരുന്നില്ല. അതത്രെ ശാശ്വതസത്യത്തിൽ അധിഷ്ടിത മതം. "98 :6 ആത്മാർത്ഥത എന്നാൽ ശുദ്ധീകരിക്കലാണ് ; അല്ലാഹുവിനെ മാത്രം ആരാധിക്കലാണത്. 'ശിർക്കി'(ദൈവത്തിന് കൂട്ടുകാരെ ചേർക്കൽ) ൽ നിന്നും "നിഫാഖി "(കാപട്യം) ൽ നിന്നുമുള്ള മോചനം ഒരു കൂട്ടുകാരുമില്ലാത്ത ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുക . മാനവരാശിയെ അറിയിക്കുക, അതായത് ആരാധന അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്. എന്ന്. അവനെപ്പോലെയോ അവനു തുല്യരായോ മറ്റാരുമില്ല വിശുദ്ധ ഖുർ ആനിൽ അല്ലാഹു പറയുന്നു. "അറിയുക ആത്മാർത്ഥമായ ഉപാസന അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്. "39 :4

പങ്കുകാരില്ലാത്ത ഏകനായ അല്ലാഹുവിന് മാത്രം ആത്മാർത്ഥമായി സമർപ്പിച്ച സൽകർമ്മം മാത്രമേ അവൻ തന്റെ ദാസരിൽ നിന്ന് സ്വീകരിക്കുകയുള്ളൂ. അവന്റെ കൽപ്പനകൾ ആത്മാർത്ഥത യോടെ നിറവേറ്റുകയും പരമോന്നതനായ ദൈവം എല്ലാ നിലയിലും പൂർണ്ണനാണെന്നും, എല്ലാ നില യിലും അവന്റെ സൃഷ്ടികളുടെ മേൽ അവന് ആധിപത്യം ഉണ്ടെന്നും, ആത്മാർത്ഥവും സംശുദ്ധവു മായ ഉപാസന അവനു മാത്രം അവകാശപ്പെട്ടതാണെന്നും മനസ്സിലാക്കി അർപ്പിക്കുന്ന അർച്ചനകൾ അവൻ സ്വീകരിക്കുന്നു. ആരാധനയിൽ അവനോടൊപ്പം മറ്റുള്ളവയെ പങ്കുചേർക്കുന്നവരിൽ നിന്നും ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും വൃത്തിയാക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു താൻ സ്വയം മറ്റുള്ളവരെ ആശ്രയിക്കുന്നതിൽ നിന്നും സ്വയം പര്യാപ്തനാണ്. മറ്റൊന്നിനെ ആശ്രയിക്കുക എന്നതു മായി ദൈവത്തിന് യാതൊരു ബന്ധവുമില്ല അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നത് അവനോട് മാത്രമുള്ള ആത്മാർത്ഥമായ അർത്ഥനയാണ്. ആരാധനയിലൂടെ പ്രകടമാക്കുന്ന എല്ലാ പ്രവർത്തനങ്ങ ളും പ്രത്യക്ഷ രൂപത്തിലായാലും പരോക്ഷ രൂപത്തിലായാലും ഭക്തർ അന്വേഷിക്കേണ്ടത്, ദൈവ തൃ പ്തിയും അവനോടുള്ള സാമീപ്യവുമായിരിക്കണം.

''യഥാർത്ഥ വിശ്വാസത്തിലായിരിക്കുക''എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മറ്റെല്ലാ മതങ്ങളിൽ നിന്നും മാറിനിൽക്കുക എന്നതാണ്. കാരണം അത് ഇസ്ലാം ദീനമായി പരസ്പരവിരുദ്ധമായിരിക്കുന്ന തു കൊണ്ടാണ്. പ്രാർത്ഥനയും സക്കാത്തു നൽകലും ദൈവാരാധനയായാണ് ഇസ്ലാം ദീൻ പടിപ്പി ക്കുന്നത്. ആത്മനിഷ്ടമായ വചനത്തിൽ നിഷ്കളങ്ക ഉപാസന ദൈവത്തിനർപ്പിക്കുക എന്നതാണ് അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അതിലൂടെ അവന്റെ അവ സ്ഥയും മഹത്വവും ഉയർത്തപ്പെടുകയും മതത്തിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും നിറവേറ്റപ്പെടുക യും ചെയ്യുന്നു. അതാണ് ഏക ദൈവ വിശ്വാസം കളങ്കരഹിതമായ മതവും അതുതന്നെ. ശരിയായ പാതയിലുള്ള ജനങ്ങളുടെ മതവും മറ്റൊന്നല്ല. അത് അവനെ സ്വർഗ്ഗത്തിലേയ്ക്ക് വഴി നടത്തുന്നു. മറ്റെല്ലാം അവരെ അഗ്നിയിലേക്ക് നയിക്കുന്ന പാതയാണ്.

## നാലാമത്തെ വ്യവസ്ഥ

### TRUTHFULNESS/ AS-SIDDIQ: സത്യം

**സത്യം അത് അസത്യത്തേയോ, കപടതയേയോ അഗീകരിക്കുന്നില്ല. ''അലിഫ് ലാം മീം (ഞാൻ അല്ലാഹു ഏറ്റവും അറിയുന്നവനാകുന്നു). ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നു പറയുന്നതു കൊണ്ട് മാത്രം (ഇക്കാലത്തെ) ആളുകളെ പരീക്ഷണത്തിന് വിധേയമാക്കാതെ വിട്ടു കളയുമെന്ന് അവർ ധരി ക്കുന്നുണ്ടോ? ഇവർക്ക് മുമ്പുള്ളവരെ നാം പരീക്ഷിച്ചിട്ടുണ്ട് ( ഇപ്പോഴും നാം അങ്ങനെ തന്നെചെ യ്യും) എന്നിട്ട് സത്യം പറഞ്ഞവരാരെന്നും കളവ് പറയുന്നവരാരെന്നും (വേർതിരിച്ച് ) വെളിപ്പെടുത്തും** (പരിശുദ്ധ ഖുർ ആൻ 29:2–4)

പരമോന്നതനായ അല്ലാഹുവിന്റെ മറ്റു ചില വചനങ്ങൾ ഇതാ – **"ഞങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെന്ന് പറയുന്ന ചിലരും മനുഷ്യരിലുണ്ട് . യഥാർത്ഥത്തിൽ അവർ വിശ്വാസികളെ അല്ല. അവർ അല്ലാഹുവിനേയും വിശ്വാസികളേയും വഞ്ചിക്കുവാൻ ശ്രമി ക്കുന്നു. എന്നാൽ (സത്യത്തിൽ) അവർ തങ്ങളെ തന്നെയാണ് വഞ്ചിക്കുന്നത്. അവർ അത് ഗ്രഹി ക്കുന്നില്ലെന്ന് മാത്രം. അവരുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ടായിരുന്നു. പിന്നെ അല്ലാഹു അവർക്ക് (അവരുടെ) രോഗം വർദ്ധിപ്പിച്ച്, അവർ കള്ളം പറഞ്ഞുകൊണ്ടിരുന്ന കാരണത്താൽ അവർക്ക് വേദനാജനകമായ ശിക്ഷ ലഭിക്കുന്നതാണ് ".** (പരിശുദ്ധ ഖുർ ആൻ 2:9–11)

ഈ വചനങ്ങളെ സംബന്ധിച്ചു ചിന്തിച്ചാൽ നാവുകൊണ്ട് പറയുന്ന കാര്യങ്ങൾ പ്രവർത്തിയി ലുണ്ടോ എന്ന് പരീക്ഷിച്ച് ഉറപ്പാക്കിയ ശേഷമേ വിശ്വാസിയാര് അവിശ്വാസിയാര് എന്ന് നിശ്ചയിക്കു കയുള്ളൂ– നാവ്കൊണ്ടുള്ള ജൽപ്പനങ്ങളിൽ കാര്യമൊന്നുമില്ല. അത് പ്രവർത്തിയിലൂടെ പ്രകടമാക്കി യില്ലെങ്കിൽ. നിശ്ചയമായും മനുഷ്യരെ, തങ്ങളെയും തങ്ങളുടെ ധനത്തെയും ഒക്കെ പരീക്ഷണ വിധേ യമാക്കുന്നതാണ്. ആത്മാർത്ഥത ഉള്ളവരേയും കപടന്മാരേയും വേർതിരിരിച്ചറിയാൻ, സത്യവാന്മാരേ യും കള്ളവാദികളെയും വേർതിരിക്കാൻ അവരെ പരീക്ഷണ വിധേയമാക്കുക തന്നെ ചോയ്യുന്നതാണ്

“അവരെ പരീക്ഷണത്തിന് വിധേയമാക്കാതെ” എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അനുവദനീയ മായ കാര്യങ്ങൾ കൊണ്ടും നിരോധിതമായ കാര്യങ്ങൾകൊണ്ടും അവരെ പരീക്ഷിക്കുന്നതാണ്. പരമോന്നതനായ അല്ലാഹു ആദ്യം വിശ്വാസംകൊണ്ടും തുടർന്ന് നമസ്കാരം, സക്കാത്ത് എന്നിവ കൊണ്ടും തുടർന്ന് മറ്റു നിയമങ്ങൾകൊണ്ടും പരീക്ഷിക്കുന്നതാണ്. ചിലർക്ക് ഈ പരീക്ഷണം അതികഠിനമായിരിക്കും. അല്ലാഹു നൽകിയ ഈ വചനം ശ്രദ്ധിക്കുക

അങ്ങനെ അല്ലാഹു അവരെ ആശ്വസിപ്പിച്ച്കൊണ്ട് പറയുന്നു. “അവർക്ക് മുമ്പുള്ളവരേയും ഇതേ പ്രകാരം പരീക്ഷണ വിധേയമാക്കിയിട്ടുണ്ട് ”. ഇതുകൊണ്ട് അർത്ഥമാക്കുന്നത് പ്രവാചന്മാരേയും, വിശ്വാസികളേയും അവരിൽ ചിലരെ ഈർച്ച വാൾകൊണ്ട് അറുത്തിട്ടിണ്ട്, ചിലരെ കൊന്നിട്ടുണ്ട്. ഇസ്രയേൽ സന്തതികളെ ഫിർഔൻ ഏറ്റവും നിന്ദ്യമായ, ക്രൂരമായ നിലയിൽ പാടിപ്പിച്ചിട്ടുണ്ട് . സത്യവാന്മാരെ തിരിച്ചറിയാൻ നടത്തിയ പരീക്ഷണങ്ങൾ. സത്യവാന്മെരേയും കള്ള വാദികളേയും തിരിച്ചറിയുവാനുള്ള പരീക്ഷണങ്ങൾ. ഞങ്ങൽ വിശ്വസിക്കുന്നു എന്നുള്ള അവരുടെ വാക്കിൽ നിന്നും നിശ്ചയമായും അറിയണം അവർ പറയുന്നത് സത്യമാണോ അതോ വ്യജമാണോ, എന്ന്. പരീക്ഷണത്തിനു മുമ്പു തന്നെ അല്ലാഹു അവരെ പറ്റി അറിയുന്നു. ചുരുക്കത്തിൽ ഈ വചനങ്ങൾ അർത്ഥമാക്കുന്നത് സത്യവാന്മാരെ വേർതിരിച്ച് അറിയുക എന്നതാണ്. അതുപോലെ കള്ള വാദികൾ ആരാണെന്നും തിരിച്ചറിയണം. ഇത്തരത്തിലുള്ള പരീക്ഷണങ്ങളിലൂടെ മാത്രമേ അത് തിരിച്ചറിയുകയുള്ളൂ. പരീക്ഷണം ലക്ഷ്യമിടുന്നത് ഈ തരം തിരിക്കലാണ്.

മനുഷ്യരിൽ ചിലരുണ്ട് (കപടവിശ്വാസികൾ) , അവർ പറയും, ഞങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നു...” എന്ന് വചനത്തിലൂടെ പ്രതാപവാനായ അല്ലാഹു(ത) കപട വിശ്വാസികളുടെ ലക്ഷണങ്ങൾ അനാവരണം ചെയ്യുന്നു. തങ്ങളുടെ നാവുകൾ ഉപയോഗിച്ച് ഈമാൻ കാര്യങ്ങൾ ഉരുവിട്ട് കൊണ്ട് ജനങ്ങൾക്കു മുമ്പിൽ അവർ ഒരു മുഖം കാട്ടുന്നു, അതേ സമയം, അവരുടെ ഹൃദയങ്ങൾക്കുള്ളിൽ തങ്ങളുടെ അവിശ്വാസത്തെ അവർ മറച്ചു വയ്ക്കുന്നു. ഇതിലൂടെ അല്ലാഹുവിനെ വഞ്ചിക്കാമെന്ന് അവർ വ്യാമോഹിക്കുന്നു. വിശ്വാസികളുടെ ഹൃദയങ്ങളെ തങ്ങളിലേയ്ക്കാകർഷിക്കാൻ ഈ പൊയ് മുഖം തങ്ങളെ സഹായിക്കുമെന്നും അവർ കണക്കുകൂട്ടുന്നു. ഈ വഞ്ചനയുടെ ഫലം, പക്ഷേ, തിരിച്ചായിരിക്കും. അവർ, യഥാർത്ഥത്തിൽ, തങ്ങളെ തന്നെ വഞ്ചിക്കുകയാണ് ചെയ്യുന്നത്. അവരുടെ അജ്ഞതയും പാപപങ്കിലമായ മനസാക്ഷിയും നിമിത്തം അവർ അറിയുന്നില്ല എന്നു മാത്രം. വഞ്ചനയുടേയും സത്യ വിരുദ്ധതയുടേയും മാർഗ്ഗത്തിലേയ്ക്ക് അവരെ നയിച്ചത് സംശയങ്ങൾ ആയിരുന്നു. “അവരുടെ ഹൃദയങ്ങൾ രോഗഗ്രസ്തങ്ങളായിരുന്നു, അല്ലാഹു അവരുടെ രോഗം വർദ്ധിപ്പിച്ചു.... ” ചെയ്ത കുറ്റത്തിന്റെ വ്യാപ്തിക്കനുസരിച്ചാണ് ശിക്ഷ നല്ഡകപെടുക. ഇഹലോക ജീവിതത്തിൽ അവരുടെ ശിക്ഷ ഇസ്രയേൽ സന്തതികളിൽപെട്ട അവിശ്വാസികളുടെ കാര്യത്തിൽ അല്ലാഹു(ത) പറഞ്ഞതുപോലെയായിരിക്കും

“അങ്ങനെ അവർ വക്രത കൈകൊണ്ടപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ വക്രമാക്കി കളഞ്ഞു. ധിക്കാരികളായ ജനതയെ അല്ലാഹു നേർ മാർഗ്ഗത്തിൽ നയിക്കുകയില്ല. ” (61:6)

പാരത്രിക ലോകത്ത് കപട വിശ്വാസികളെ കാത്തിരിക്കുന്ന ശിക്ഷയെ പറ്റി പ്രതാപവാനായ അല്ലാഹു (ത) പറയുന്നു. “അവരുടെ കപടത നിമിത്തം അവർക്ക് കഠിനമായ ശിക്ഷയുണ്ട്”.സൂറ അന്നിസാഅ് ൽ അല്ലാഹു പറയുന്നു. “തീർച്ചയായും കപട വിശ്വാസികൾ അല്ലാഹുവിനെ വഞ്ചിക്കുവാൻ ഉദ്ദേശിക്കുന്നു. അല്ലാഹു അവരുടെ വഞ്ചനക്കുള്ള ശിക്ഷ നൽകുന്നതാണ്. നമസ്കാരത്തിന് നിൽക്കുമ്പോൾ അലസരായിട്ടാണ് അവർ നിൽക്കുക. അവർ ജനങ്ങളെ കാണിക്കുന്നു. അൽപ്പമായിട്ടല്ലാതെ അവർ അല്ലാഹുവിനെ സ്മരിക്കുന്നുമില്ല. ഇവരുടേയും അവരുടേയും കൂടെയല്ലാതെ അതിനിടയിൽ ആടികൊണ്ടുള്ള അവസ്ഥയിലാണ് അവർ. അല്ലാഹു ആരെ നശിപ്പിക്കുവാനുദ്ദേശിക്കുന്നുവോ അവർക്ക് നീ യാതൊരു (രക്ഷാ) മാർഗ്ഗവും കണ്ടെത്തുകയില്ല”.(4:143,144)

കപടവിശ്വാസികളുടെ അന്തസ്സില്ലായ്മയും കുടില ബുദ്ധിയും ഈ വചനങ്ങളിലൂടെ അല്ലാഹു (ത) വ്യക്തമാക്കുന്നു. ജനങ്ങൾക്കു മുമ്പിൽ ‘ഈമാൻ’ഉള്ളവരെന്നു നടിച്ചും തങ്ങളുടെ അവിശ്വാസത്തെ മറച്ചു പിടിച്ചും അവർ അല്ലാഹുവിനെ വഞ്ചിക്കാൻ ശ്രമിക്കുന്നു. അല്ലാഹു(ത) യ്ക്ക് അവരുടെ കുടില തന്ത്രം മനസ്സിലായില്ലെന്നു, തന്റെ ദാസർക്ക് മുന്നിൽ ഈ കുതന്ത്രങ്ങൾ അവൻ അനാവരണം ചെയ്യില്ലെന്നോ അവർ ധരിക്കുന്നു.

അവരുടെ ചിന്താഗതിയും പ്രവർത്തനവും ആത്മവഞ്ചനയും വിരൽ ചൂണ്ടുന്നത് അല്ലാഹു(ത) അവരുടെ സാമാന്യ ബുദ്ധിയെ കീഴ് മേൽ മറിച്ച് എന്ന സത്യത്തിലേക്കാണ്. പരിഹാസവും അപമാന വും നിന്ദയും ഏറ്റുവാങ്ങാൻ സ്വയം പരിശ്രമിക്കുന്നതിനേക്കാൾ വലിയ ബുദ്ധിമോശം മറ്റെന്താണ് ?

ഈ ചിന്താഗതി ദ്യോതിപ്പിക്കുന്നത് കപട വിശ്വാസികളുടെ മാനസികനിലയുടചടെ അപക്വതയാണ്. അല്ലാഹുവിനോട് അനുസരണക്കേട് കാട്ടുമ്പോഴും തന്റെ പ്രവർത്തികൾ പക്വതയാർജ്ജിച്ചവയും ശരിയായ ദിശയിലുള്ളവയും ആണെന്ന് കരുതാൻ വഞ്ചനയുടെ നടുവിലും കപടവിശ്വാസിക്ക് കഴിയുന്നു. വിധി നാളിൽ, ഈ വഞ്ചനകൊണ്ട് എന്ത് പ്രയോജനം ?

'സൂറ അൽ-ഹദീദി'ൽ അല്ലാഹു (ത) പറയുന്നു.

കപടവിശ്വാസികളും കപട വിശ്വാസിനികളും സത്യവിശ്വാസികളോട് 'ഞങ്ങളെ അൽപ്പം കാത്തു നില്ക്കുക നിങ്ങളുടെ പ്രകാശത്തിൽ നിന്നും ഞങ്ങൾ പ്രകാശം പകർന്നെടുത്തുകൊള്ള ട്ടെ'.എന്നു പറയുന്ന നാളിൽ (അവരോട്) പറയപ്പെടും (നിങ്ങൾക്ക് സാധ്യമാണെങ്കിൽ) നിങ്ങൾ പി ന്നോട്ട് ( പൂർവ്വലോകത്തേയ്ക്ക്) മടങ്ങി പ്രകാശം അന്വേഷിച്ചുകൊള്ളുക. അപ്പോൾ അവർക്കിടയി ൽ ഒരു ഭിത്തി സ്ഥാപിക്കപ്പെടും. അതിനൊരു വാതിലുണ്ട്. അതിന്റെ ഉൾഭാഗത്ത് സർവ്വത്ര കാരു ണ്യമായിരിക്കും അതിന്റെ പുറത്താകട്ടെ ദണ്ഡനവും

ഞങ്ങൾ നിങ്ങളുടെ കൂടെ ഉണ്ടായിരുന്നില്ലേ ? എന്നവർ അവരോട് (സത്യ വിശ്വാസികളോട്) വിളിച്ചു ചോദിക്കും. അവർ ഉത്തരം പറയും, അതേ, പക്ഷേ, നിങ്ങൾ നിങ്ങളെ തന്നെ പ്രലോഭിപ്പി ക്കുകയും അറച്ചു നിൽക്കുകയും സംശയിക്കുകയും വ്യമോഹങ്ങൾ നിങ്ങളെ വഞ്ചിക്കുകയും ചെയ്തു. അങ്ങനെ അല്ലാഹുവിന്റെ തീരുമാനം വന്നെത്തി. അല്ലാഹുവിന്റെ കാര്യത്തിൽ പരമ വഞ്ച കൻ (പിശാജ്) നിങ്ങളെ വഞ്ചിതരാക്കുകയും ചെയ്തു. (57:14-15)

## അഞ്ചാമത്തെ വ്യവസ്ഥ

### LOVE / AL-MUHABBAH: സ്നേഹം

ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല (ലാ ഇലാഹ ഇല്ലല്ലാഹ്) ഈ വചനത്തിനോടു ള്ള സ്നേഹം അതിന്റെ അർത്ഥവും അതിലുള്ള സന്തോഷവും വിവരിക്കുന്നു. അല്ലാഹു (ത) പറയു ന്നു " അല്ലാഹുവിനു പുറമേ (അവന്) സമന്മാരെ സ്വീകരിക്കുന്നവരായി മനുഷ്യരിൽ ചിലരുണ്ട്. അല്ലാഹുവിനെ സ്നേഹിക്കുന്നതുപോലെ അവർ അവരെ സ്നേഹിക്കുന്നു. സത്യവിശ്വാസികളാകട്ടെ, അല്ലാഹുവിനോട് ഏറ്റവുമധികം സ്നേഹമുള്ളവരാകുന്നു. അധർമ്മം പ്രവർത്തിച്ചവർ, ശിക്ഷ കൺമു മ്പിൽ കാണുമ്പോഴുള്ള ആ അവസ്ഥ (വല്ലപ്രകാരത്തിലും ഇപ്പോൾ) കാണുകയാണെങ്കിൽ സകല ശക്തിയും അല്ലാഹുവിനാണെന്നും നിശ്ചയമായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും (മനസിലാക്കുമായിരുന്നു)".2:166

മറ്റൊരു വചനത്തിൽ "വിശ്വസിച്ചവരെ, നിങ്ങളിൽ നിന്ന് ആരെങ്കിലും തന്റെ മതം വിട്ട് പുറത്തു പോകുന്നതായാൽ അല്ലാഹു (മറ്റ്) ഒരു ജനതയെ പകരം കൊണ്ടുവരുന്നതാണ്-അവൻ അവരെ സ്നേഹിക്കും, അവർ അവനേയും സ്നേഹിക്കും- അവർ സത്യവിശ്വാസികളുടെ നേരെ വിനയവും കാരുണ്യവും ഉള്ളവരും അവിശ്വാസികൾക്കെതിരിൽ ദൃഢ ചിത്തരുമായിരിക്കും. അവർ അല്ലാഹു വിന്റെ മാർഗത്തിൽ കഠിനാധ്വാനം ചെയ്യും . ഒരു ആക്ഷേപകന്റേയും ആക്ഷേപത്തെ അവർ ഭയപ്പെടു കയില്ല. ഇത് അല്ലാഹുവിന്റഎ അനുഗ്രഹമാണ്. താൻ ഇച്ഛിക്കുന്നവർക്ക് അവൻ അത് നൽകുന്നു അല്ലാഹു ഔദാര്യത്തിൽ വിശാലതയുള്ളവനും എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു."(5:55)

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ.അ.) നമ്മോട് അരുൾ ചെയ്തിരിക്കുന്നു. ആരാണോ താഴെ പറയുന്ന മൂന്ന് ഗുണങ്ങൾ സ്വായക്തമാക്കിയിട്ടുള്ളത് അവർ വിശ്വാസത്തിന്റെ മാധുര്യം നുകരുന്നതാ ണ് (1) അല്ലാഹുവും അവന്റെ ദൂതനും മറ്റേതിനേക്കാളും അവന് പ്രിയങ്കരമായിരിക്കും (2) അല്ലാഹു വിന്റെ തൃപ്തിക്കുവേണ്ടി മാത്രം ഒരു മനുഷ്യനെ സ്നേഹിക്കും (3) അല്ലാഹു ഒരുവനെ അവിശ്വാസ ത്തിൽ നിന്ന് രക്ഷിച്ച ശേഷം, അവിശ്വാസത്തിലേക്ക് മടങ്ങുന്നത്, നരകാഗ്നിയിൽ എറിയപ്പെടുന്നത് വെ

‘ ലാ ഇലാഹ ഇല്ലല്ലാഹ് ’.എന്ന വചനത്തിന്റെ അർത്ഥവും അതിലടങ്ങിയിരിക്കുന്ന സന്തോഷവും രണ്ട് കാര്യങ്ങളിലൂടെ ആർജിക്കുവാൻ കഴിയും (1) അല്ലാഹുവിനെ നിഷ്കളങ്കമായി ആരാധിക്കുക അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. (2) അല്ലാഹുവിന് പങ്കുകാരെ സ്ഥാപിക്കുന്നതിനെ നിലാകരിക്കുക. മതത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ രണ്ടാകുന്നു. ഒന്നാമതായി, പങ്കുകാരില്ലാത്ത അല്ലാഹുവിനെ ആരാധിക്കാനുള്ള കൽപ്പന, അതിലേക്കുള്ള പ്രേരണയും ഉറച്ചതീരുമാനവും, അങ്ങനെ ചെയ്യാത്തവരെ ‘കാഫിറാ’യി കണക്കാക്കൽ എന്നിവ ഉൾപ്പെടുന്നു. രണ്ടാമത്തേതാകട്ടെ, അല്ലാഹുവിനെ ആരാധിക്കുന്നതിൽ പങ്കുകാരെ ചേർക്കുന്നതിനെതിരിൽ ജനങ്ങളെ താക്കീത് ചെയ്യൽ, ശക്തമായി പ്രതികരിക്കൽ, എതിർപ്പ് പ്രകടിപ്പിക്കൽ, അങ്ങനെ ചെയ്യുന്നവരെ ‘കാഫിറാ’യി കണക്കാക്കൽ എന്നിവ ഉൾപ്പെടുന്നു. അല്ലാഹു (ത) പറയുന്നു “അല്ലാഹുവിന് പുറമേ (അവൻ) സമന്മാരെ സ്വീകരിക്കുന്നവരായി മനുഷ്യരിൽ ചിലരുണ്ട്. അല്ലാഹുവിനെ സ്നേഹിക്കുന്നതുപോലെ അവർ അവരെ സ്നേഹിക്കുന്നു. സത്യവിശ്വാസികളാകട്ടെ, അല്ലാഹുവിനോട് ഏറ്റവും അധികം സ്നേഹമുള്ളവരാകുന്നു. അധർമ്മം പ്രവർത്തിച്ചവർ ശിക്ഷ കണ്മുന്നിൽ കാണുമ്പോഴുള്ള ആ അവസ്ഥ ( വല്ലപ്രകാരത്തിലും ഇപ്പോൾ) താണുകയാണെങ്കിൽ സകല ശക്തിയും അല്ലാഹുവിനാണെന്നും നിശ്ചയമായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും (മനസിലാക്കുമായിരുന്നു)”. (2:166)

ഈ വചനം വരുന്നത് അല്ലാഹു (ത) യുടെ ഏകത്വത്തെ എടുത്തുകാട്ടുന്നതും തെളിവുകളിലൂടെ പ്രഘോഷിക്കുന്നതുമായ വചനങ്ങൾക്കു ശേഷമാണ് ആരാധനക്കർഹൻ അല്ലാഹു മാത്രമാണ്. എങ്കിലും, തെളിവുകൾ എല്ലാം ഉണ്ടായിട്ടും അല്ലാഹുവിന് പുറമേയുള്ളവരെ അവനു തുല്യരും പങ്കാളികളും ആയി സങ്കൽപ്പിക്കുന്നവർ ജനങ്ങളിലുണ്ട്. പ്രതാപവാനും മഹോന്നതനുമായ അല്ലാഹുവിനോട് കാട്ടുന്ന അതേ സ്നേഹം അവർ ഈ സാങ്കൽപ്പികപങ്കാളികളോടും കാണിക്കുന്നു.

സത്യവിശ്വാസികളാകട്ടെ, അല്ലാഹുവിനോട് ഏറ്റവും അധികം സ്നേഹമുള്ളവരാകുന്നു. എന്ന വചനത്തെപറ്റി ജ്ഞാനം സിദ്ധിച്ചവർ രണ്ട് അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട. (1) വിശ്വാസികൾ അവിശ്വാസികളേക്കാൾ ഏറെ അല്ലാഹുവിനെ സ്നേഹിക്കുന്നു. എന്തെന്നാൽ, വിശ്വാസികൾ അല്ലാഹുവിനെ മാത്രം സ്നേഹിക്കുന്നു. മറ്റുള്ളവരാകട്ടെ, സ്നേഹം സാങ്കൽപ്പിക പങ്കാളികൾക്കായി വീതിച്ചു നൽകുന്നു. (2) അവിശ്വാസികൾ, ദൈവതുല്യരായി അവർ കരുതുന്ന സാങ്കൽപ്പിക പങ്കാളികളെ, സ്നേഹിക്കുന്നതിലേറെ , വിശ്വാസികൾ അല്ലാഹുവിനെ സ്നേഹിക്കുന്നു.

ഈ രണ്ടു വ്യാഖ്യാനങ്ങളിൽ ആദ്യത്തേതാണ് കൂടുതൽ അഭികാമ്യം. ആദ്യത്തെ വ്യാഖ്യാനം വ്യക്തമാണ്. പ്രതാപവാനായ അല്ലാഹു കാര്യങ്ങൾ അറിയുന്നു. നിരോധിക്കപ്പെട്ടിരുന്ന ഒരു വലിയ ‘ശിർക്കിനെ’ സംബന്ധിച്ച് ഈ വചനം വെളിച്ചം വീശുന്നുണ്ട്. അല്ലാഹുവിനേയും, അവന് സമന്മാരായി അവിശ്വാസികൾ സങ്കൽപ്പിക്കുന്ന പങ്കാളികളേയും ഒരുപോലെ സ്നേഹിക്കുന്ന പ്രവർത്തിയെ ‘വലിയ ശിർക്കുകളുടെ ’ ഗണത്തിൽപ്പെടുത്തിയിരിക്കുന്നു.

“ വിശ്വസിച്ചവരേ, നിങ്ങളിൽ നിന്നാരെങ്കിലും മതത്തിൽ നിന്ന് പിന്തിരിഞ്ഞുപോയാൽ...... ” എന്ന വചനം മറഞ്ഞതത്വങ്ങൾ ഉൾകൊള്ളുന്നതാണ്. സർവ്വസ്തുതികൾക്കും അർഹനായ അല്ലാഹു (ത) അവന്റെ കഴിവും അനാശ്രയത്വവും തെളിയിക്കാനായി, അവന്റെ ‘ദീൻ’ നിലനിർത്താനായി, ഒരു ജനതയെ സൃഷ്ടിക്കും. സത്യവിശ്വാസികളുടെ സംഘത്തിന് അഞ്ച് പ്രത്യേകതകൾ ഉണ്ട്.

(1) അവന്റെ മതത്തെ ഉയർത്തിപ്പിടിക്കുന്ന സത്യവിശ്വാസികളെ അല്ലാഹു സ്നേഹിക്കുന്നു; സത്യവിശ്വാസികളാകട്ടെ അല്ലാഹുവിനോടുള്ള സ്നേഹം നിമിത്തം, അവന്റെ കൽപ്പനകൾ അനുസരിക്കുന്നു; നിരോധിക്കപ്പെവ വർജ്ജിക്കുന്നു.

(2) അവിശ്വാസികൾക്കെതിരിൽ, സത്യവിശ്വാസികൾ ശക്തരും ഉറച്ചവരും ആയി നിലകൊള്ളും. ഖുർ ആൻ പറയുന്നു: “ അവിശ്വാസികൾക്ക് വഴങ്ങാത്തവരാണവർ.......” (48:30)

(3) അവർ മറ്റു സത്യവിശ്വാസികളോട് കാരുണ്യമുള്ളവരാണ്.

(4) അല്ലാഹുവിന്റെ വചനങ്ങൾ ഉയർത്തിപ്പിടിക്കാനും അവന്റെ മതത്തെ ആദരിക്കാനും സത്യവിശ്വാസികൾ അത്യധ്വാനം ചെയ്യുന്നവരാണ്.

(5) ദോഷൈകദൃക്കുകളെ അവർ ഭയപ്പെടുന്നില്ല. ശരി അത്തിന്റെ നിർദ്ദേശാനുസൃതമായി അവർ സത്യം മാത്രം ബോധിപ്പിക്കുന്നു. ഏതു സാഹചര്യത്തിലും.

ചുരുക്കത്തിൽ, ഈ വചനങ്ങൾ അല്ലാഹു (ത) യെ ഉള്ളറിഞ്ഞ് ആരാധിക്കേണ്ടതിന്റെ ആവശ്യകതയും ദൈവവും ദാസനും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ ആഴവും വ്യക്തമാക്കുന്നു. വിശ്വാസികളുടെ അവിഭാജ്യമായ സ്നേഹത്തെ ദൈവം വിലമതിക്കുന്നു. ശുഭപര്യവസാനം ദോഷബാധയെ സൂക്ഷിക്കുന്ന സത്യവിശ്വാസികൾക്കാകുന്നു.

## 'ഈമാ'ന്റെ മാധുര്യം

അല്ലാഹുവിനേയും അവന്റെ തിരുദൂതരേയും അനുസരിക്കുന്നതിൽ സന്തോഷം കണ്ടെത്തുക. ദൈവമാർഗ്ഗത്തിൽ ത്യാഗങ്ങൾക്ക് തയ്യാറാവുക. ഭൗതീക സാമഗ്രികൾക്കും സുഖങ്ങൾക്കും മേൽ ദൈവമാർഗ്ഗത്തെ വിലമതിക്കുക. വിശ്വാസത്തിന്റെ മാധുര്യം കൊണ്ട് അർത്ഥമാക്കുന്നത് ഈ അവസ്ഥയാണ്. ദൈവത്തോടും അവന്റെ ദൂതരോടും ഉള്ള സ്നേഹം നിമിത്തം സത്യവിശ്വാസി അവരോട് അനുസരണക്കേട് കാട്ടുകയില്ല. അല്ലാഹുവിനെ ദൈവം തമ്പുരാനായി അംഗീകരിക്കുക. മുഹമ്മദ് നബി (സ) ദൂതരായും ഇസ്ലാമിനെ മതമായും സ്വീകരിക്കുക. നിങ്ങൾക്ക് ഈമാന്റെ മാധുര്യം അനുഭവിക്കാം.

ദൈവത്തോടും തിരുദൂതരോടും ഉള്ള യഥാർത്ഥ സ്നേഹം അങ്കുരിയ്ക്കുന്നതിനും 'കുഫ്റി'ൽ നിന്നു ദൂരപ്പെടുന്നതിനും ആത്മാവിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. വ്യക്തിയുടെ രക്തത്തിലും മാംസത്തിലും ഈമാന്റെ അംശങ്ങൾ അലിഞ്ഞു ചേരുമ്പോൾ മാത്രമേ ഹൃദയം വിശ്വാസംകൊണ്ട് സംതൃപ്തിയും മനസ്സ് സന്തോഷം കൊണ്ട് നിർവൃതിയും അടയുകയുള്ളൂ.
അങ്ങനെയുള്ളവർ ഈമാന്റെ മാധുര്യം അവകാശമായെടുക്കുന്നു. അല്ലാഹുവിനുവേണ്ടിയുള്ള സ്നേഹം അല്ലാഹുവിന്റെ സ്നേഹത്തിന്റെ ഫലമാണ്; ഫലങ്ങളിലൊന്നാണ്. ദൈവസ്നേഹത്തെ വേണമെങ്കിൽ നമുക്കിങ്ങനെ നിർവ്വചിക്കാം. പ്രതാപവാനും സ്തുത്യർഹനുമായ ദൈവത്തിനുവേണ്ടി, ദൈവീക സംതൃപ്തി കാംക്ഷിച്ചുകൊണ്ട്, ഹൃദയപൂർവ്വം നടത്തുന്ന പ്രവർത്തനങ്ങളാണ് ദൈവസ്നേഹം വെളിവാക്കുന്നത്. ദൈവം സ്നേഹിക്കുന്നതിനെ ഹൃദയം ,സ്നേഹിക്കുകയും ദൈവം വെറുക്കുന്നതിനെ ഹൃദയംവെറുക്കുകയും ചെയ്യുന്ന അവസ്ഥ.

വിശുദ്ധ പ്രവാചകർ (സ) പഠിപ്പിച്ചതനുസരിച്ച്, ഈ മൂന്ന് ഗുണങ്ങൾ ഉള്ളവർ, ഈമാന്റെ മാധുര്യത്തിൽ സന്തോഷം കണ്ടെത്തും. മാധുര്യം എന്നത് സ്നേഹത്തിൽ നിന്ന് ഉടലെടുക്കുന്നതാണ്. ഒരാൾ എന്തെങ്കിലും ആഗ്രഹിക്കുകയും അത് ആർജ്ജിക്കുകയും ചെയ്യുമ്പോൾ അയാൾ മാധുര്യവും സന്തോഷവും സംതൃപ്തിയും കണ്ടെത്തുന്നു. സ്നേഹിക്കുകയോ ആഗ്രഹിക്കുകയോ ചെയ്തത് നേടിക്കഴിയുമ്പോഴാണ് ഒരാൾ സന്തോഷം കണ്ടെത്തുന്നത്.

അതുകൊണ്ട്, ഈമാന്റെ മാധുര്യം ദൈവീകദാസന്റെ ദൈവസ്നേഹത്തിന്റെ പൂർണ്ണതയിൽ നിന്നുടലെടുക്കുന്നതാണ്. മറ്റൊരാളെ ദൈവത്തിനുവേണ്ടി മാത്രം സ്നേഹിക്കുന്ന അവസ്ഥയിൽ ദൈവസ്നേഹം പൂർണ്ണത നേടുന്നു. അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യങ്ങൾ നടപ്പിലാക്കുന്ന പ്രവാചതന്മാരേയും മുജദ്ദിദ് അല്ലെങ്കിൽ ഖലിഫത്തുല്ലയേയും, ഒരാൾ സ്നേഹിക്കുമ്പോൾ, അത് അല്ലാഹുവിനോടുള്ള സ്നേഹമായി മാറുന്നു.

അല്ലാഹുവിനോടുള്ള സ്നേഹം ഒരാളുടെ ഹൃദയാന്തരാളത്തിൽ അങ്കുരിയ്ക്കുമ്പോൾ, അതിനെതിരിലുള്ളതെല്ലാം വെറുക്കപ്പെടുന്നു. ആ സ്നേഹ പ്രകാശത്തിൽ, ഇസ്ലാമിന്റെ സൗന്ദര്യം അനാവരണം ചെയ്യപ്പെടുന്നു. അജ്ഞതയും അവിശ്വസ്തതയും പോയ്മറയും. അത്തരം ഒരു സ്നേഹിതൻ, അവൻ സ്നേഹിക്കുന്നവർക്ക് ഒപ്പമായിരിക്കും. പ്രതാപവാനായ അല്ലാഹുവിനെ വിശ്വാസികൾ സ്നേഹിക്കുന്നു; അല്ലാഹു അവരേയും ഇഷ്ടപ്പെടുന്നു. ഖുർ ആൻ പറയുന്നു.... "അവൻ അവരെ സ്നേഹിക്കും; അവർ അവനേയും സ്നേഹിക്കും."

മുസ്ലീം ആയി ജനിച്ചവന് മതപരിവർത്തനം ചെയ്തെത്തുന്ന അവിശ്വാസിയേക്കാൾ ശ്രേഷ്ടതയുണ്ടെന്ന സാധാരണ വിശ്വാസത്തിന് യാതൊരു അടിസ്ഥാനവുമില്ല. സത്യത്തിൽ, മുകളിൽ ചേർത്ത ഗുണങ്ങൾ ആർജ്ജിച്ച ഏതൊരാൾക്കും അതില്ലാത്തവർക്കുമേൽ ശ്രേഷ്ടതയുണ്ട്. അതുകൊണ്ട് തന്നെ ആദ്യകാല വിശ്വാസികൾക്ക് മുസ്ലീം ആയി ജനിച്ചവരുടെ മേൽ ശ്രേഷ്ടതയുണ്ട്.

# ആറാമത്തെ വ്യവസ്ഥ

## AL-INQIAD/ SUBMISSION: കീഴടങ്ങൽ

അല്ലാഹുവിന്റെ സന്തോഷം ആഗ്രഹിച്ചുകൊണ്ട് ആത്മാർത്ഥമായി അവനോടുള്ള ഉത്തര വാദി ത്വങ്ങൾ നിർവ്വഹിക്കുക എന്നതാണ് കീഴടങ്ങലിന്റെ ശരിയായ ആവശ്യകോപാധി. കീഴടങ്ങലിന്റെ തെളിവായി വിശുദ്ധ ഖുർ ആനിൽ പരമോന്നതനായ അല്ലാഹു പറയുന്നു.

"നിങ്ങളുടെ നാഥനിലേയ്ക്ക് പശ്ചാതപിച്ചു മടങ്ങുകയും അവനു പൂർണ്ണമായി കീഴ്പ്പെട്ട് ജീവി ക്കുകയും ചെയ്യുക." (39:55)

" സൽകർമ്മം ചെയ്യുന്നവനായിരിക്കേ തന്നത്താൻ അല്ലാഹുവിൽ അർപ്പിക്കുകയും ചെയ്യുന്ന ഒരുവനേക്കാൾ ഉത്തമനായ മതവിശ്വാസി ആരാണ് ? " (4:126)

" ആരാണോ സദ്വൃത്തനായും കൊണ്ട്, തന്നെ അല്ലാഹുവിന് അർപ്പണം ചെയ്യുന്നത് അവൻ ഏറ്റവും ഉറപ്പുള്ള പിടിക്കയർ പിടിച്ചു കഴിഞ്ഞു. അല്ലാഹുവിലേക്ക് തന്നെയാണ് കാര്യങ്ങളുടെ പരിണാമം ചെന്നു ചേരുന്നത്. " ."

" എന്നാൽ അങ്ങനെയല്ല, നിന്റെ നാഥനെ കൊണ്ട് സത്യം. അവർക്കിടയിൽ ഭിന്നിപ്പുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവായി സ്വീകരിക്കുകയും എന്നിട്ട് നീ വിധിച്ച കാര്യത്തെ സംബന്ധിച്ച് അവരുടെ ഹൃദയത്തിൽ യാതൊരു വിധ പ്രയാസവും ഉണ്ടാവാതിരിക്കുകയും അവർ പരിപൂർണ്ണമായി അനുസരണം പുലർത്തുകയും ചെയ്യുന്നതുവരെ അവർ (യഥാർത്ഥ) വിശ്വാസിക ളാവുകയില്ല ." (4:66)

ഒരു പരിശുദ്ധ പ്രവാചക വചനത്തിൽ പറയുന്നു " ഞാൻ കൊണ്ടു വന്നതിനെ നിങ്ങളുടെ ഇഛകൾ പിൻതുടരുന്നതുവരെ നിങ്ങളിലാരും വിശ്വാസിയാവുകയില്ല. " ഇതർത്ഥമാക്കുന്നത് പരിപൂർ ണ്ണമായ കീഴടങ്ങലും അനുസരണവുമാണ്. വിശുദ്ധ ഖുർ ആനിൽ അല്ലാഹു പറയുന്ന ഈ വചന ത്തിലെ " നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് (പശ്ചാതപിച്ചു) മടങ്ങുക." എന്നതു കൊണ്ട് അർത്ഥമാക്കുന്നത് അവന്റെ സാമീപ്യത്തിനായി അനുസരണയോടെ അവനിലേക്ക് തിരിയുക, ഹൃദയം അതിന് സാക്ഷിയാവണം. തുടർന്ന് "അവന്റെ ഇഷ്ടത്തിന് കീഴടങ്ങുക."എന്നതു കൊണ്ട് അർത്ഥ മാക്കുന്നത് അവന്റെ ഏകത്വത്തിൽ എല്ലാ നിലയിലും ആത്മാർത്ഥമായി ഒരു വ്യക്തി എന്ന നിലയിൽ കീഴടങ്ങുക എന്നതാണ്. " നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് (പശ്ചാതപിച്ചു) മടങ്ങുക. അവന്റെ ഇഷ്ടത്തിന് കീഴടങ്ങുക." എന്ന വചനത്തിൽ നിന്ന് മനസിലാക്കേണ്ടത് അത് ആത്മാർത്ഥതക്കുള്ള തെളിവാണ് . ആത്മാർത്ഥത ഇല്ലാതെ ഒളിഞ്ഞോ തെളിഞ്ഞോ ഉള്ള പ്രവർത്തി കൾ കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാവുന്നതല്ല. മതപരമായ ചെറുതോ വലുതോ ആയ തർക്കവിതർകങ്ങളുണ്ടെങ്കിൽ അത് അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും മടക്കേണ്ടതാണ്. അതായത് അല്ലാഹുവിന്റെ ഗ്രന്ഥവും പ്രവാചകന്റെ ചര്യയും. അവയിൽ എല്ലാ തർക്ക വിഷയങ്ങളു ടേയും പരിഹാരം നിർദ്ദേശിച്ചിട്ടുണ്ടായിരിക്കും. ആ വിധി ചിലപ്പോൾ വ്യക്തമായും, ചിലപ്പോൾ പൊതിവായും, ചിലപ്പോൾ ഗോപ്യമായും, ചിലപ്പോൾ ചിന്തിക്കാനുള്ള ശ്രദ്ധ ക്ഷണിച്ചും അല്ലെങ്കിൽ കീഴ്നടപ്പുള്ള സമ്പ്രദായത്തിലൂടെയും ആയിരിക്കാം. നിശ്ചയമായും മതത്തിന്റെ അസ്തിവാരം വിശുദ്ധ ഖുർ ആനിലൂടെയും തിരുസുന്നത്തിലൂടെയുമാണ് ലഭ്യമാകുന്നത്. അവയില്ലാതെ യഥാർത്ഥ ഈമാൻ (വിശ്വാസം) ലഭ്യമാവുകയില്ല. അല്ലാഹുവിനോട് മാത്രമുള്ള ആത്മാർത്ഥതയും പ്രവാചകന്റെ സുന്നത്തിനെ പിൻതുടരേണ്ടതിന്റെ ആവശ്യകതയും വളരെ പ്രബലങ്ങളാണ്. കാരണം ഇവ രണ്ടു മാണ് കാര്യങ്ങൾ ഗ്രഹിക്കുന്നതിനുള്ള ഏറ്റവും വിശ്വസനീയമായ കൈപിടി.

ഒളിഞ്ഞും തെളിഞ്ഞും അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും നിയമങ്ങൾക്ക് കീഴടങ്ങേണ്ട തിന്റെ ആവശ്യകതയെ പറ്റി വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) ഇപ്രകാരം പറയുന്നു. " അതിന് കാരണം അല്ലാഹു ഇറക്കിയിട്ടുള്ളതിനെ അവർ വെറുത്തിരിക്കുന്നു എന്നതാണ്. അതുകൊണ്ട് അവൻ അവരുടെ കർമ്മങ്ങളെ നിഷ്ഫലമാക്കിയിരിക്കുന്നു." (47:10) അതേ സൂറത്തിലെ മറ്റൊരു വച നത്തിൽ അല്ലാഹു അരുൾ ചെയ്യുന്നു.

" അതിനു കാരണം അല്ലാഹുവിനെ പ്രകോപിപ്പിക്കുന്ന കാര്യങ്ങൾ അവർ പിൻതുടരുകയും അവന്റെ പ്രീതിയെ വെറുക്കുകയും ചെയ്തു എന്നതാണ്. തന്നിമിത്തം അവർ അവരുടെ കർമ്മങ്ങളെ നിഷ്ഫലമാക്കിയിരിക്കുന്നു".(47:29)

അല്ലാഹു ഇഷ്ടപ്പെടുന്നതെന്താണോ അതുചെയ്യുക എന്നത് ഓരോ വിശ്വാസിയുടേയും ചുമതലയാണ്. അങ്ങനെയായാൽ അവൻ (അല്ലാഹു) അവനോട് എന്താണോ കൽപ്പിച്ചിട്ടുള്ളത് അത് നിർവ്വഹിക്കുന്നതാണ്. അവന്റെ സ്നേഹം അത്തരം നിലവാരത്തിലെത്തിയാൽ അനുബന്ധാരാധനകൾ ചെയ്യുന്നത് ഏറ്റവും നല്ലതാണ് എന്ന നിലയിൽ ഭക്തൻ എത്തിച്ചേരുന്നതാണ്. പരമോന്നതനായ അല്ലാഹു വെറുക്കുന്ന എല്ലാ കാര്യങ്ങളും വിശ്വാസിയും വെറുക്കുന്നതാണ്. അല്ലാഹു നിരോധിച്ച എല്ലാ കാര്യങ്ങളിൽ നിന്നും അവൻ വിട്ടു നിൽക്കേണ്ടതാണ്. ഈ നിലവാരത്തിലേക്ക് മനസ്സാ വാചാ കർമണ്ണാ ശുദ്ധിയോടെ ഭക്തനെ ഉയർത്താനാണ് അല്ലാഹു ആഗ്രഹിക്കുന്നത്.

പ്രവാചക പ്രഭുവായ മുഹമ്മദ് (സ.അ) ഇക്കാര്യം തറപ്പിച്ചു വ്യക്തമാക്കുന്ന ഈ വചനം ശ്രദ്ധിക്കുക " തന്നെക്കാളും, തന്റെ സന്താനങ്ങളെക്കാളും, തന്റെ കുടുംബത്തംക്കാളും, മാനവ സമുദായത്തേക്കാളും എന്നെ നിങ്ങൾ സ്നേഹിക്കുന്നതുവരെ നിങ്ങളിലാരും വിശ്വാസിയാവുകയില്ല ".

ആയതിനാൽ അറിയുക. മുഴുവൻ മാനവകുലത്തേക്കാളും ഉപരിയായി മഹോന്നതസ്ഥാനവും സ്നേഹവും പ്രവാചകനു നൽകുന്നതുവരെ ഒരു വ്യക്തി യഥാർത്ഥ വിശ്വാസി ആവുന്നില്ല. പരിശുദ്ധ പ്രവാചകനാടുള്ള സ്നേഹം ഒരാളിൽ ഉണ്ടാകുന്നത് ആ പ്രവാചകനെ അയച്ചവനോടുള്ള സ്നേഹം മൂലമാണ്. യഥാർത്ഥ സ്നേഹം അവൻ (പ്രവാചകൻ) ഇഷിടപ്പെട്ട കാര്യങ്ങൾ നാമും ഇഷ്ടപ്പെടുക. അവൻ (പ്രവാചകൻ) വെറുത്ത കാര്യങ്ങൾ നാമും വെറുക്കുക.

## ഏഴാമത്തെ വ്യവസ്ഥ

### AL-QUBOOL / ACCEPTANCE : സ്വീകരിക്കൽ

നിരസിക്കൽ എന്നതിന്റെ എതിരാണ് സ്വീകരിക്കൽ. പരമോന്നതനായ അല്ലാഹു വിശുദ്ധ ഖുർ ആനിൽ സ്വീകരിക്കൽ എന്നതിന്റെ തെളിവായി പറയുന്നു. **' ഇപ്രകാരം തന്നെ, നിനക്കു മുമ്പേ ഒരു നാട്ടിലും ഒരു മുന്നറിപ്പുകാരനേയും നാം അയ്ച്ചിട്ടില്ല, അവിടത്തെ സുഖലോലുപ പറഞ്ഞിട്ടല്ലാതെ, ഞങ്ങൾ ഞങ്ങളുടെ പിതാക്കളെ ഒരു മാർഗ്ഗത്തിൽ ചരിക്കുന്നതായികണ്ടിട്ടുണ്ട്. ഞങ്ങൾ അവരുടെ കാൽപ്പാടുകളെ പിൻതുടരുന്നവർ തന്നെയാണ്.' ആ പ്രവാചകൻ പറഞ്ഞു ' നിങ്ങളുടെ പിതാക്കളെ ഏതൊരു മാർഗ്ഗത്തിൽ നടന്നരായി നിങ്ങൾ കണ്ടുവോ അതിനേക്കാൾ ഏറ്റവും വല്ല നിലയിൽ മാർഗ്ഗ ദർശനം നൽകുന്ന സന്ദേശം ഞാൻ നിങ്ങൾക്ക് കൊണ്ടു വന്നാൽ പ്പോലും (നിങ്ങൾ സ്വീകരിക്കുകയില്ലേ ?) അവർ പറഞ്ഞു. ' എന്ത് സന്ദേശവുംകൊണ്ട് നിങ്ങൾ അയക്കപ്പെട്ടിട്ടുണ്ടോ തീർച്ചയായും ഞങ്ങൾ അതിന്റെ നിഷേധകരാണ്'. (43:24–25).**

**അല്ലാഹു വീണ്ടും പറയുന്നു. ' ഒരു പട്ടണത്തിലും ഒരു മുന്നറിയിപ്പുകാരനേയും നാം അയച്ചട്ടില്ല. (അപ്പോഴെല്ലാം) അവിടത്തെ സുഖലോലുപന്മാർ, നിങ്ങളേതൊന്നുകൊണ്ട് നിയോഗിക്കപ്പെട്ടുവോ ഞങ്ങൾ അതിന്റെ നിഷേധകരാണെന്ന് (അവരോട് ) പറഞ്ഞിരുന്നതായിട്ടല്ലാതെ'. (34:35)**

**പരമോന്നതനായ അല്ലാഹു വീണ്ടും പറയുന്നു ' അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് അവരോട് പറയപ്പെട്ടാൽ അവർ അഹംഭാവം നടിച്ചുകൊണ്ട് തിരിഞ്ഞു കളയുകയായിരുന്നു'. ' ഒരു ഭ്രാന്തനായ കവിക്കുവേണ്ടി ഞങ്ങളുടെ ദൈവങ്ങളെ ഞങ്ങൾ ഉപേക്ഷിക്കുകയോ? എന്നവർ ചോദിക്കുന്നു' (37:36–37).**

പരിശുദ്ധ പ്രവാചകൻ (സ.അ) സന്മാർഗ്ഗത്തേയും അറിവിനേയും ഉപമിച്ചത് ഭൂമിയിൽ വർഷിക്കുന്ന പേമാരിപോലെയാണ്. ചില ഭൂമി ഫലഭൂയിഷ്ടമാണ്. അത് വെള്ളത്തെ ആഗിരണം ചെയ്ത് സസ്യലതാദികളെ ധാരാളം മുളപ്പിക്കുന്നു. മറ്റു ചില ഭാഗം കഠിനതരമാണ്. അവിടം ജലത്തെ പിടിച്ചു നിർത്തുന്നു . അല്ലാഹു ജനങ്ങൾക്ക് അത് പ്രയോജനകരമാക്കുന്നു. അത് അവർക്കും അവരുടെ കാലികൾക്കും പാനം ചെയ്യുവാനും കൃഷി ഭൂമി നനയ്ക്കുവാനും മറ്റും പ്രയോജനപ്പെടുത്തുന്നു. അതിന്റെ മറ്റൊരു ഭാഗം ഫലശൂന്യമായിരുന്നു. അതിന് വെള്ളത്തെ സ്വീകരിക്കുവാനോ സസ്യലതാദികളെ മുളപ്പിക്കുവാനോ കഴിവില്ലാത്തതായിരുന്നു.

അല്ലാഹുവിന്റെ മതത്തെകുറിച്ച് അപഗ്രഥിക്കുകയും പരമോന്നതനായ അല്ലാഹു എന്നിലൂടെ വെളിപ്പെടുത്തിയ അറിവ് സ്വായത്തമാക്കുകയും മറ്റുള്ളവരെ അത് പഠിപ്പിക്കുകയും ചെയ്യുന്നവരുടെ ഉദാഹരമമാണ് ആദ്യത്തേത് അതായത് – ഫലഭൂയിഷ്ടമായ മണ്ണ്.

മുകളിൽ പ്രസ്താപ്പിച്ച വചനത്തിൽ അല്ലാഹു പറയുന്നു. " ഒരു പട്ടണത്തിലും ഒരു മുന്നറിയിപ്പ്കാരനേയും നാം അയച്ചിട്ടില്ല, ( അപ്പോഴെല്ലാം) അവിടുത്തെ സുഖലോലുപന്മാർ, " നിങ്ങൾ ഏതൊന്ന്കൊണ്ട് നിയോഗിക്കപ്പെട്ടുവോ ഞങ്ങളതിന്റെ നിഷേധകരാണെന്ന് (അവരോട്) പറഞ്ഞിരുന്നതായിട്ടല്ലാതെ." (34:35).

സമ്പന്നരും ജീവിത സൗഭാഗ്യങ്ങൾ ആവോളം ആസ്വദിക്കാൻ അവസരം ലഭിച്ചവരും സത്യത്തിനെതിരിൽ അഹന്ത കാട്ടാനും നിഷേധത്തിന്റെ മാർഗ്ഗം തെരഞ്ഞെടുക്കാനും ഉത്സുകത കാട്ടാറുണ്ട്. " ഞങ്ങളുടെ പിതാക്കന്മാർ പിന്തുടർന്ന മാർഗ്ഗം ഞങ്ങൾ കണ്ടു. ഞങ്ങൾ അവരുടെ കാൽപ്പാടുകൾ പിന്തുടരുന്നു".എന്നവർ പറയും. അവിശ്വാസികളുടെ ഈ യുക്തി സത്യത്തെയോ മാർഗ്ഗ ദർശനത്തെയോ പിന്തുടരാൻ ഉദ്ദേശിച്ചുള്ളതല്ല. അത് അഹന്തയിൽ നിന്നുടലെടുക്കുന്നതാണ്. അവർ പിന്തുടരുന്ന വ്യാജ വാദത്തെ ഉയർത്തികെട്ടാൻ ഈ യുക്തിയിലൂടെ അവർ ശ്രമിക്കുന്നു.

അതുകൊണ്ട് ഇത്തരം വ്യാജ വാദങ്ങൾ മുന്നോട്ട് വെയ്ക്കുന്ന ശത്രുക്കളോട് എല്ലാ പ്രവാചകന്മാരും ചോദിക്കും.

നിങ്ങളുടെ പിതാക്കളെ ഏതൊരു മാർഗ്ഗത്തിൽ നടന്നതായി നിങ്ങൾ കണ്ടുവോ അതിനേക്കാൾ ഏറ്റവും നല്ല നിലയിൽ മാർഗ്ഗ ദർശനം നൽകുന്ന സന്ദേശം ഞാൻ നിങ്ങൾക്ക് കൊണ്ട് വന്നാൽപ്പോലും (നിങ്ങൾ സ്വീകരിക്കുകയില്ലേ?)

" എന്തു സന്ദേശവുംകൊണ്ട് നിങ്ങളയക്കപ്പെട്ടിട്ടുണ്ടോ തീർച്ചയായും ഞങ്ങൾ അതിന്റെ നിഷേധകരാണ്."

ഇതിനർത്ഥം, അവർ സത്യത്തേയും മർഗ്ഗ ദർശനത്തേയും പിന്തുടരാൻ ആഗ്രഹിച്ചില്ല, മറിച്ച് കെട്ട് കഥകളും മിഥ്യാധാരണകളും അവരെ ആകർഷിച്ചിരുന്നു എന്നാണ്.

" അതുകൊണ്ട് നാം അവരുടെ മേൽ പ്രതികാരം ചെയ്തു...." സത്യത്തെ അവിശ്വസിക്കുകയും വ്യാജവാദങ്ങൾ കൊണ്ടതിനെ മറയ്ക്കാൻ ശ്രമിക്കുകയും ചെയ്തതിനു ലഭിച്ച പ്രതിഫലം." എന്നിട്ട് നിഷേധികളുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് കാണുക. അതുകൊണ്ട്, മുൻ ജനതകൾക്കു വന്നു ഭവിച്ച ശിക്ഷകളിൽ നിന്നു രക്ഷനേടാൻ ആഗ്രഹിക്കുന്നവർ നിരാകരണത്തിന്റെ പാതയിൽ നിന്നു മാറി നിൽക്കട്ടെ.

ഈ ഖുർ ആനിക വചനങ്ങൾ നബി തിരുമേനി (സ) യ്ക്ക് ആശ്വാസമായി ഇറങ്ങിയവയാണ്. സത്യനിഷേധികളായ തന്റെ ജനതയുടെ പ്രവർത്തി, പ്രവാചക ഹൃദയത്തെ വേദനിപ്പിച്ച്. ആ ജനതയുടെ പ്രവർത്തി ചരിത്ര പശ്ചാത്തലത്തിൽ ഖുർ ആൻ വിലയിരുത്തുന്നു. സത്യനിഷേധികളുടെ പ്രവർത്തി, ചരിത്രപരമായി അസാധാരണമല്ലെന്ന് പ്രവാചകരെ ആശ്വസിപ്പിക്കുന്നു. അനുസരണക്കേട് കാട്ടുന്ന നിഷേധികളെ താക്കീത് നൽകി ഓർമ്മപ്പെടുത്തുകയാണ് മുൻ കടന്ന ജനതകളുടെ ദുർഗതികളെ അനുസ്മരിക്കുന്നതിലൂടെ. അന്ധമായ അനുകരണവും ഭ്രാന്തമായ പാരമ്പര്യവാദങ്ങളും വരുത്തുന്ന വിനാശത്തെ കരുതിയിരിക്കുവാൻ മുസ്ലീംങ്ങളെ ഓർമ്മപ്പെടുത്തുന്നു ഈ വചനങ്ങൾ. അല്ലാഹുവിനെ കൂടാതെ മറ്റാരേയും ആരാധ്യപുരുഷൻ ആക്കരുതെന്ന് വേദഗ്രന്ഥം ഓർമ്മപ്പെടുത്തുന്നു.

ഞാൻ മുകളിൽ പ്രസ്താപിച്ച നബി വചനത്തിൽ, അല്ലാഹുവിൽ നിന്നുള്ള മാർഗ്ഗദർശനത്തെ മഴയോടും ഉപമിച്ചിരിക്കുന്നു. മഴ ലഭിക്കുന്ന ഭൂമി മൂന്നുതരത്തിലാണ്, അതുപോലെ തന്നെ ഉപദേശം കേൽക്കുന്ന ജനങ്ങളേയും മൂന്നായി തിരിക്കാം.

ആദ്യതരത്തിലുള്ള മണ്ണും ഭൂമിയും മഴയിൽ നിന്ന് ഉടൻ പ്രയോജനമെടുക്കുന്നു. വരണ്ട മണ്ണ് ഫലഭുഷ്ടതയ്ക്ക് വഴി മാറുന്നു. സസ്യലതാദികളും വൃക്ഷങ്ങളും തഴച്ചു വളരാൻ കാരണമാകുന്നു. മനുഷ്യനും മൃഗങ്ങൾക്കും പ്രയോജനം ചെയ്യുന്ന മണ്ണായി സ്വയം മാറുന്നു. അതുപോലെ ആകാശത്തുനിന്നു ദൈവീക മാർഗ്ഗദർശനവും ജ്ഞാനവും ഇറങ്ങുമ്പോൾ, ആദ്യതരത്തിൽപ്പെട്ട മനുഷ്യർ അതു പഠിക്കുന്നു, മനസ്സിലാക്കുന്നു, ഹൃദയപൂർവ്വം ഉൾകൊണ്ട് പ്രവർത്തിപഥത്തിൽ എത്തിക്കുന്നു. സ്വന്തം നിലയിലും ജനങ്ങൾക്കും അത് പ്രയോജനകരമായി ഭവിക്കുന്നു.

രണ്ടാം തരത്തിൽപ്പെട്ട വ്യക്തികളുടെ പ്രത്യേകത മറ്റൊന്നാണ്. അവർ കാര്യങ്ങൾ മനസ്സിലാക്കുന്നു. പക്ഷേ അത് നടപ്പിൽ വരുത്താൻ വേണ്ട ബുദ്ധി ശക്തിയോ ഇച്ഛാ ശക്തിയോ അവർ കാട്ടുന്നില്ല. ചുരുക്കത്തിൽ പഠിച്ച കാര്യങ്ങൾ പ്രവർത്തിയിലെത്തിക്കുന്നില്ല.

വിജ്ഞാന ദാഹിയായ ഒരു വിദ്യാർത്ഥി അറിവ് അവന് സ്വയം പ്രയോജനപ്പെടുന്നതോടൊപ്പം മറ്റുള്ളവർക്കാവശ്യമുള്ള അറിവും അവനിൽ നിന്നും ലഭിക്കുന്നു. ഇത്തരത്തിലുള്ള ആളുകൾക്ക് ലഭിച്ച അറിവ് മറ്റുള്ളവർക്കും പ്രയോജനകരമായിത്തീരുന്നു.

മൂന്നാമത്തെ തരത്തിലുളള മണ്ണ് ഫലശൂന്യമാണ്. അതിൽ നിന്ന് ഒന്നും മുളയ്ക്കുന്നില്ല. ജലം കൊണ്ട് അതിന്സ്വയം പ്രയോജനമില്ലയെന്നു മാത്രമല്ല അത് തടഞ്ഞുനിർത്തി മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തുവാനും കഴിയുകയില്ല.

ഇപ്രകാരം മൂന്നാം വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് അവർക്ക് ഹൃദയങ്ങളോ അറിവ് തടഞ്ഞുനിർത്താനുള്ള ബുദ്ധിശക്തിയോ ഇല്ലാത്തവരാണ്. അവർക്ക് അറിവ് കേട്ടാൽ അതിൽ നിന്നു പ്രയോജനമെടുക്കാത്തവരാണ്. അഥവാ മറ്റുള്ളവർക്ക് പ്രയോജനമാകുന്ന ഒന്നും പഠിക്കാത്തവരാണ്. ഏറ്റവും നന്നായി അറിയുന്നവർ അല്ലാഹു മാത്രമാണ്.

''അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക'' എന്ന വിഷയത്തിൽ അല്ലാഹു എനിക്ക് നൽകിയ ഖുർ ആനികകൽപ്പനയുടെ യഥാർത്ഥ വ്യാഖ്യാനത്തെ സംബന്ധിച്ച് അല്ലാഹു (ത) എന്നെ പഠിപ്പിച്ച കാര്യങ്ങളിൽപ്പെട്ടവയാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഏതൊരുവന്റെ അനുഗ്രഹത്താൽ എല്ലാ നല്ല കാര്യങ്ങളും പൂർത്തിയാക്കുവാൻ കഴിയുമോ, ആ പരമോന്നതനുമാത്രം അവകാശപ്പെട്ടതാണ് സർവ്വ സ്തുതിയും മുഹമ്മദ് നബി (സ.അ) യുടേയും അദ്ദേഹത്തിന്റെ കുടുംബത്തിന്റേയും അനുചരന്മാരുടേയും മേൽ അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹങ്ങളും വർഷിക്കുമാറാകട്ടെ. ആമീൻ.